ഓം


# അരുണോദയം

പുസ്തകം 2. | 1104 കന്നി. | ലക്കം 5.


## വഞ്ചിതയായ സരള.

1. "ജലദോദ്ഗമനത്തിലാശപൂ-
ണ്ടതുലാഹ്ലാദിനിയായ ചാതകി,
അതുകാററിലകന്നുപോകവേ,
വിലപിക്കുന്നതു കുററമായിടാ.

2. അഴൽ നിഷ്ഠുരണം നിറഞ്ഞു,കര
കഴയുന്നോരമടക്കമെന്നിയേ,
അഴുതിങ്ങിനെ പേ പുലമ്പതി-
പ്പുഴവഗ്ഗത്തിനു തെല്ലുസൌഖ്യദം.

3. ദയവറ്റ ഭവാൻ ധനാഢ്യയും
കയൽനേർക്കണ്ണിയുമായ 'ധന്യ'യെ,
അയി! പാണിപിടിച്ചുവെന്നുകേ-
ട്ടുയിർതന്തുക്കൾ വലിഞ്ഞിടുന്നുമേ.

4. ഇരുളെൻ ഹൃദയത്തിലെന്നപോൽ
പെരുകീ ഭൂമിയിലാകെ; യേകയായ്,
ഒരുനാൾ തവ മേനിചേർന്നിരു-
ന്നൊരിടത്താണു വസിപ്പതിപ്പൊഴും ഞാൻ.

5. മമ ബന്ധുകുലം മയങ്ങി; യെ-
ന്നമിതോന്മാദ മഹാമയങ്ങളാൽ,
ഇമതാഴ്വതില്ല; മാനസം-
ഭ്രമണംതന്നെ:—നിലയ്ക്കുകില്ലതും.

6. ഭുവിമോഹനമായ ബാല്യമോ,
ജവമബ്ഭ്രതാപിശാചു തിന്നുപോയ്;
ഇവളിങ്ങനെ ദുർഘടസ്ഥലീ-
സമമാം യൗവനമെത്തി ഖിന്നയായ്.

7. ഇതുനാൾ മമ ഹൃദവിപഞ്ചിതൻ,
പ്രണയക്കമ്പി തുടിച്ചു നേർത്തതായ്
അറിയാതെ വിനിർഗ്ഗളിച്ചൊരാ-
ക്ഷണനം പോയ, കമർത്ഥശൂന്യമായ്.

8. മമ നാഥ! വിളിപ്പതീവിധം
ക്ഷമയുള്ളങ്ങു പൊറുക്കവേണമേ;
ക്രമമുക്തിയിലില്ല;—ചിന്ത നി-
ഷ്ക്രമണംചെയ്യൊരു ശക്തിയാർന്നുപോയ്.

9. തവ നേത്രമരീചിയാദ്യമാ-
യ്പ്പവിഴത്തുവൊളിചേർത്തു മന്മുഖം,
നവമാക്കിയ സന്മുഹൂർത്തമി-
ന്നിവൾ കാണുന്നകലെ, പ്പുരാങ്മുഖം.

10. ഹൃദയം കുളിരാർന്നിടുന്ന വെൺ-
മൃദുഹാസക്കതിർ തൂകി രമ്യനായ്,
സദനാവൃതി ചേർന്നുനിന്ന, മാ-
മിദമങ്ങോതി മറഞ്ഞതോർപ്പൂ ഞാൻ.

11. "സരളേ! ദയവേണമെൻെറ പൂ-
ങ്കരളേന്തുന്നനുരാഗവേദിയേ,
ശരിയായ്പുകരുന്നതിന്നു ഞാ-
നിരവിൽ താവകഗേഹമെത്തിടും.

12. ഗുണിയാണ,തിവാഗ്മിയും, ഭവാ-
നി,ണതൻ മാർദ്ദവഭാഗമാണു ഞാൻ;
ക്ഷണമെൻ മനമാസ്വദിച്ചൊരാ-
പ്രണയാഹ്ലാദമവാച്യമെന്നുമേ.

13. അവിടെങ്ങുമുറച്ചിടാതെ, ഞാൻ
നവസമ്പൽ ചലന്മനസ്സോടെ,
സവികാരമുലഞ്ഞു ലാത്തലായ്-
ഭവനോപാന്ത മനോജ്ഞഭൂമിയിൽ.

14. ഇവകണ്ടു ചിരിച്ചുനില്ക്കുമാ-
രവിപോകാൻ തൊഴുതു, സലജ്ജ ഞാൻ;
ഭുവനത്തിനുഭംഗികൂട്ടിയെ-
ന്നിവളോടോതിയണഞ്ഞു സന്ധ്യയും.

15. നിശ മന്ദമടുത്തു; പൂർണ്ണനാം
ശശിവെൺപട്ട വിരിച്ചു ഭൂമിയിൽ;
അശുഭേതരമോദിതഗന്ധിയാം-
ശിശുവാതം പ്രസരിച്ചിടക്കിടെ.

16. ദിവി താരഗണം ജ്വലിച്ചു മദ്
ഭവനം നിദ്രയിലായിതേവിധം;
ജവമുള്ള തുടിച്ചുണർന്നക-
ത്തളിമുട്ടുന്നൊരു പത്മമൊട്ടുപോൽ.

17. അധികം പറയുന്നതെന്തിനെൻ-
വിധിയായ് വന്ന ഭവാന്റെ കൈകളിൽ
സുധവാർന്ന നനഞ്ഞതാം കലാ-
നിധിതൻ ചന്ദ്രികയിൽ കുളിത്തുഞാൻ.

18. ഒരുരാത്രിയില്—അല്പനേരമ്—അ-
ങ്ങൊരു രാഗോർമ്മിചലിച്ച തയ്യലാം
ഒരുമിച്ച്—അടയുന്ന നിർവൃതി-
പ്പെരുമേ! വാക്കിലടങ്ങുകില്ല നീ.

19. സുപരിഷ്കൃത! രാഗസിക്തമാം,
ശപഥം താവകമൊന്നിലേറെ ഞാൻ,
കരളിൽക്കുളിരോടെ കേട്ട,തീ;-
മരവുംകേട്ടു; ചലിപ്പതില്ലവൻ.

20. അണിമഞ്ജുനിലാവിൽ മുങ്ങി, യ-
ക്ഷണദാഢ്യത്തിലിളേ! ചരാചരം,
അണിയും തവമേനിയാകവേ,
പ്രണയാർദ്രാമലമായിരുന്നു ഹാ!

21. സ്മരണാവലി തോഷലേശമി-
പ്പൊരിയും ഹൃത്തിലണച്ചിടുന്നളും,
മരുഭൂമിയിൽ വർഷബിന്ദുപോൽ
ത്വരിതം വററിവരണ്ടിടുന്നിതാ.

22. ഗുണപൂർണ്ണ! ഭവാൻ വെടിഞ്ഞൊരി-
ത്തുണപൊയ്പ്പോയവൾതന്റെ, നേർക്കിതാ,
അണയുന്നതിഘോരരൂപിയായ്-
പ്രണയപ്രേതമിരമ്പിയാർത്തിയിൽ.

23. നിലതെററിയിവൾക്കു—സത്യമ്—ഈ-
യുലകിൽ തീവ്രതമുററി—പററിടാ!—

വലയംപെട്ടമന്തരീക്ഷവും,
ശിലപോൽ മേനിയമൎത്തിടുന്നിതാ.

24. സരസത്വമിണങ്ങിടാത്തൊരി-
സ്സരളപ്പെണ്ണു ജഗത്തിൽവാഴ്‌വതും,
സ്ഥിരബുദ്ധി ഭവാൻ മറന്നിതോ,
മരണംചെന്നിവളെന്നു തേറിയോ?

25. പ്രിയനെന്നിവൾചൊന്നതും, ഭവാൻ-
കവിളത്തുമ്മയമൎത്തിനിന്നതും,
സ്മൃതിവിട്ടുവോ?—ഹൃത്തടത്തൊട-
ച്ചവിതൊട്ടുള്ളവ പൊട്ടിമാറിയോ?

26. അധുനാ പുതുമൊട്ടുതാങ്ങിയ-
ങ്ങതിഭാരാകുലയായ വല്ലിപോൽ,
തുടമേൽ പതിയുന്നൊരിക്കരം-
പൊടിയും പുഞ്ചിരിപൂണ്ടെടുത്തതും,

27. വരണോത്സുകലോലമായൊരെൻ-
കരളന്നൊട്ടു നിലക്കു നിൎത്തുവാൻ,
ശരിയായ് ശപഥം കഴിച്ചതും,
സ്മരണംവിട്ടകലെപ്പറന്നുവോ? (യുഗ്മകം)

28. ശപഥം!—ഹഹ!!—കാമിജിഹ്വയിൽ,
കൃപണാത്മാ ദൃഢനായ് പിറക്കവേ,
സുഖമാൻ; അവസാനമാൎന്ന നീ-
യബലാഗ്ഗൻ, ഖലബാലൻ—അത്ഭുതം!

29. പലനന്മയിവൾക്കു വേണമെ-
ന്നുലകിൻ സൃഷ്ടിമുതല്ക്കൊരേതരം,
കലഹിപ്പൊരു പൂരുഷേന്ദ്രരേ!
നിലനിങ്ങൾക്കു മറിച്ചുമാകുമോ?

30. സുമഗാത്രികൾ രക്ഷണീയരാ-
ണവൎകൾക്കില്ല സ്വതന്ത്രജീവിതം
ഇവിധം സ്ഥിതിയാക്കിവച്ചു പി-
ന്നിവരോടിപ്പണി, യോഗ്യമെന്നതോ?

31. ധരയിൽ സരളത്വമേതിലും,
പുരളാൻ ഹേതുകമായ പ്രേമമേ!
പുരുഷാകൃതിതന്നിൽനിന്നു നീ-
കുരരീക്കുട്ടിനകത്തു പററിയോ?

32. ഗുണശീല! കഠോരമായി മൽ-
പ്രണയത്തെക്കൊലചെയ്ക ഹൃൽക്കളം,
കളഭാഷിണിയെങ്കിലാ, വധൂ-
മണികണ്ഠാലവളും നടുങ്ങിടും.

33. പഴുതിൽ പലതും പുലമ്പിയി-
ന്നഴതിട്ടെന്തുഫലം ലഭിച്ചിടും
അഴിവില്ലിതില്—ആ മഹാനിൽ ഞാൻ,
പഴിചാരുന്നതുതന്നെമോശമാം.

34. കരുതീടുക ജീവനങ്ങുപോയ്-
പരലോകത്തിലണഞ്ഞുപോക്കിലും
അരുമപ്പെട്ടമെൻറകാന്തന-
ങ്ങു,രുതെന്നൊടിതിലല്പവാദവും.

35. ഉലകത്തൊട്ടു ചേർത്തുകെട്ടിടും
മൃദുലപ്രേമഗുണം മുറിക്കയാൽ
വിലയത്തിനുതുല്യമായ്—ഇനി-
ച്ചലനം നില്പതിലാണൊരാഗ്രഹം.

36. ബഹുമാന്യ! ഭവാൻ സഭാഗ്യനാ-
യിഹലോകത്തു ഹിതാനുകൂലമായ്,
വിഹരിക്കുക;യന്യനൊത്തുഞാൻ-
മഹിവാഴ്കിൽ കലുഷതമേറുമേപോം.

37. തവമോഹനചുംബനങ്ങളെൻ-
കവിളത്തുണ്ടുകരുത്തതില്ലവ;
അവമംഗളമിസ്ഥിതിക്കു;കേൾ-
ക്കിതരനായതമംഗളംപ്രഭോ!.

38. സതിയാനവനീതഗാത്രിയൊ-
ത്തതിരമ്യോചിതധൂളിമെത്തമേൽ,
പുതുസൌഖ്യമൊടങ്ങിരിക്കയാ-
മിതുനേരംസരസാർദ്രവാശിയായ്.

39. അതുപോട്ടെ,—സുഖിക്കമേലിലും;
ഗതദോഷം മമചിത്തമങ്ങുമെ,
മിതമായറിവീല—യെങ്കിലും,
സതിഞാനെന്നുധരിക്കശർവ്വരീ!

40. ദിനനാഥനു,മത്രിസന്ധ്യയും
ദിനവും,രാത്രിനഭശ്ചരങ്ങളും

അനലാനിലരും ശശാങ്കനും,
മനവുംസാക്ഷികൾ, ദോഷിയല്ലഞാൻ.

41. ജനകർണ്ണപുടങ്ങൾ കേൾക്കുവാൻ
കഴിവീലെങ്കിലുമുഗ്രതാരമായ്,
ഹൃദയത്തിലുയർന്നരോദനം;
ക്ഷിതിമേൽമേലിനിനീണ്ടുനിൽക്കൊലാ.

42. ഉദയാചലകന്ദരത്തിൽനി-
ന്നുദയംചെയ്വൊരുപൊന്നുതിങ്കളേ!
ഹൃദയംഗമമായനിൻകൃപാ-
രസമാംചന്ദ്രികയെന്നുകാണ്മുഞാൻ.

43. അനുരാഗവിലോലചേഷ്ടയാൽ
കനൽപോലാം മമ പൂവൽമേനിയെ,
നനയെത്തഴകീട്ടുമാർദ്രനാ-
മനിലാ!നീയിനിയെന്നു പുല്കിടും.

44. തെളിചെന്തളിരിൻകൊഴത്തതാ-
മൊളിതങ്ങീടിന സാന്ധ്യകാന്തിയിൽ
കുളിരാർന്നുപതിച്ചു,മന്മനം
കുളിയുംനീന്തലുമെന്നുചെയ്തിടും.

45. ജനനംമുതലെന്നെയേററവും
ഹിതമായ്സ്നേഹമയം പുലർത്തിയ
ജനനീ! ഹഹ! താത!, ഏകയാം
മകളീരാത്രിയിലസ്തമിച്ചുപോം.

46. തലചീകിടുമമ്മ,യച്ഛനോ
വിലയേറും വസനാദിതന്നിടാം;
ഫലമില്ലിതിലാന്തരേച്ഛപോൽ
പരിചര്യക്കിവർതന്നൊപററിടാ.

47. പറയുന്നതശക്യമ്—ആശപോയ്—
നിറയുന്നുള്ളിലൊരന്യശക്തിയും;
മറയുന്നുമനുഷ്യലോകമ്—ഇ-
ക്കുറിയിവ്വണ്ണമ്—അടുത്തതെങ്ങിനെ.

48. മതി;—ലോകർനടുങ്ങിടുന്നൊരാ-
മൃതിയാകും മമസാന്ത്വനസ്സഖീ!
അതികൃഷ്ണശരീരിണീ!കനി-
ഞ്ഞതിശോകാർത്തയെയൊന്നുപുല്കണേ.

49. ഈവണ്ണംപറകെപ്പയോജമിഴിയാളെന്തോ, മടിക്കുത്തിൽനി–
ന്നാവിർമ്മോദമെടുത്തു,വായിൽ–വിഷമാ–ണിട്ടു വിഴുങ്ങീക്ഷണം
ദ്യോവിൽ താരഗണംമയങ്ങി;പവനൻ വീപ്പിട്ടു,നങ്ങാതെയാ–
യേവംപെണ്മണിചെയ്കെയത്തരുകുലം;സ്തംഭിച്ചുപോയ് വ്യോമവും

50. ചെന്താർലോചനമൊട്ടുകൂമ്പി;കവിളം–ഹാ! നീലിച്ചുലേശംകുറ–
ച്ചുന്തിക്കാണ്മൊരുപത്മമൊട്ടിനടിയിൽതീർന്നുമൃദുസ്പന്ദനം;
അന്തർജ്ജീവവിശേഷശക്തിയചലത് പ്രേമംതുളുമ്പുന്നിടം–
സന്ധിപ്പാൻ,കതിർപോലുയന്നു ഗഗനംതന്നിൽപറന്നുജവം.

ശുഭം.

കെ. ജി. പി.

—:o:—

# ജഡ്ജിയുടെ കോട്ട്.

(തുടർച്ച)

II

കുടിയിൽ വളരെ തൃഷ്ണയുള്ളവനാണ് ഞാൻ. എത്ര കുടിച്ചാലും മടുപ്പില്ലാത്തവനാണ് ശാമുമേനോൻ. കുടിക്കാഞ്ഞാൽ ഭ്രാന്തനെപ്പോലെയാണ് ഞാൻ. കുടിച്ചാൽ ഗജപോക്കിരിയാണ് ശാമുമേനോൻ. വല്ലതും പ്രവർത്തിക്കാൻ മടിക്കുന്നവനാണ് ഞാൻ. എന്തും പ്രവർത്തിക്കാൻ ഗണ്യമില്ലാത്തവനാണ് ശാമുമേനോൻ. അദ്ദേഹം എനിക്ക് പല പ്രാവശ്യവും വാങ്ങിത്തന്നിട്ടുണ്ട്. സല്ക്കാരം മടക്കിക്കൊടുക്കാൻ എനിക്കിതുവരെ സാധിച്ചിട്ടില്ല. ഞാൻ ഒരിക്കൽ, മേലാൽ കുടിക്കയില്ലെന്ന് സത്യംചെയ്തിട്ടുണ്ടെന്ന് കേട്ടപ്പോൾ "കുടി, ചീത്തകാര്യമാണ്, ചീത്തകാര്യത്തിൽ സത്യംചെയ്യരുത്, അങ്ങിനെയുള്ള സത്യം സത്യവുമല്ല. ആ സത്യത്തിന്ന് എതിരായിട്ടേ പ്രവർത്തിക്കാവൂ. അല്ലെങ്കിൽ ദൈവകോപമുണ്ടാകും" എന്നൊക്കെ ഉപദേശിച്ച് എന്നെ പിന്നേയും മദ്യപാനത്തിൽ തിരിച്ചുകൊണ്ടുവന്ന ആളും ഇദ്ദേഹമാണ്. ആളെ ആകർഷിച്ചു മിരട്ടിക്കളയുന്ന ഒരു മഹാശക്തി ഇദ്ദേഹത്തിനുണ്ട്. അതുകൊണ്ട് ഇദ്ദേഹത്തിന്റെ അടുക്കെനിന്ന് ഒഴിയാഞ്ഞാൽ എന്റെ കയ്യിലുള്ള പണമെല്ലാം പോകുമെന്ന് എനിക്കു തോന്നി.

ഞാൻ:—എങ്ങട്ട്?
ശാ. മേ:—അങ്ങിനേ ഒന്നിറങ്ങി.
ഞാൻ:—എന്നാൽ ഞാൻ പോകുന്നു. എനിക്ക് തിരക്കുണ്ട്.
ശാ. മേ:—കുടിക്കാനായിരിക്കും?

ഞാൻ:—അല്ല. കുടിയിലേക്കു പോകാൻ.
ശാ. മേ:—ഇതെന്താ, ഒരു റിസ്റ്റ്വാച്ചോ?
ഞാൻ:—അതേ.
ശാ. മേ:—കട്ടതോ. തട്ടിപ്പറിച്ചതോ?
ഞാൻ:—രണ്ടുമല്ല.
ശാ. മേ:—പിന്നെ എവിടുന്നു കിട്ടി?
ഞാൻ:—എല്ലാവക്കും എവിടുന്നാണ് കിട്ടുന്നത്?
ശാ. മേ:—എല്ലാരുടെ കാര്യവും ഞാൻ ചോദിച്ചിട്ടില്ല. നിങ്ങൾക്ക് എവിടുന്നു കിട്ടി?
ഞാൻ:—വിലകൊടുത്തു വാങ്ങിയത്.
ശാ. മേ:—പണം എവിടുന്ന്?
ഞാൻ:—എൻെറ സമ്പാദ്യം.
ശാ. മേ:—കടമൊക്കെ വീട്ടിയോ? സമ്പാദിക്കാൻ തുടങ്ങാൻ.
ഞാൻ:—സമ്പാദിച്ചാലല്ലേ കടം വീട്ടിക്കൂടു?
ശാ. മേ:—വാച്ച്കൊണ്ട് കടം വീട്ടാമോ?
ഞാൻ:—വാച്ച് കടംവീട്ടാനല്ല. സമയമറിവാനാണ്.
ശാ. മേ:—വാച്ചില്ലാതെ സമയമറിഞ്ഞിരുന്നില്ലേ?
ഞാൻ:—കൃത്യമായി അറിഞ്ഞിരുന്നില്ല.
ശാ. മേ:—എന്നാൽ കൃത്യമായി ഇപ്പോൾ സമയമെന്തായി?
ഞാൻ:—ആറടിക്കാൻ മൂന്നു മിനുട്ടും 21 സെക്കണ്ടും.
ശാ. മേ:—മൂന്നു മിനുട്ടും ഇരുപത്തൊന്നു സെക്കണ്ടുംകൊണ്ടു നമുക്ക് ഇവിടത്തെ റാക്ക്ഷാപ്പിൽ എത്താം.
ഞാൻ:—അതിൻെറ വിപരിതഭാഗത്തും എത്താം.
ശാ. മേ:—റാക്കോട് വിപരീതബുദ്ധി നിങ്ങൾക്ക് തുടങ്ങിയോ?
ഞാൻ:—ഇല്ല. പണത്തിനാണ് എന്നോടു വിപരീതബുദ്ധി തോന്നുന്നത്.
ശാ. മേ:—ഷാപ്പിലേക്ക് നിങ്ങൾ എൻെറകൂടെ വരുന്നോ?
ഞാൻ:—വന്നിട്ടെന്താ.
ശാ. മേ:—ഓരോ ഡ്രാം കുടിക്കാം.
ഞാൻ:—പണമോ?
ശാ. മേ:—അതു ഞാൻ ഉണ്ടാക്കാം.
ഞാൻ:—ഉണ്ടാക്കാൻ ഇപ്പോൾ ഇടയുണ്ടോ?
ശാ. മേ:—വേണ്ട. ഞാൻ കൊടുക്കാം.
ഞാൻ:—എങ്ങിനെ ഇത്രവേഗം ഉണ്ടായി?
ശാ. മേ:—ഭഗവൽഭക്തന്മാക്ക് ഒന്നിനും പഞ്ചമുണ്ടാവില്ല.
ഞാൻ:—ഭഗവാനെ ഉപദ്രവിച്ചുതുടങ്ങീട്ട് കാലം കുറെയായോ?

ശാ. മേ:—ഭഗവാൻ എന്നെ ഉപദ്രവിക്കാൻ തുടങ്ങീട്ട് വളരെ കാലമായി.

ഞാൻ:—ക്രടക്കുടെ പണം തന്നിട്ടാണൊ ഭഗവാൻ ഉപദ്രവിക്കുന്നത്?

ശാ. മേ:—അതെ. പണം ഉണ്ടാകുമ്പോളല്ലേ ദുർബ്ബുദ്ധി.

ഞാൻ:—പണം ഇല്ലാതാകുമ്പോളല്ലേ അപകടം?

ശാ. മേ:—അതെ. ബാക്കിയുള്ളവൎക്ക് അപകടം.

ഞാൻ:—കിട്ടുമെങ്കിൽ നമുക്ക് കടവും.

ശാ. മേ:—നേരം വൈകുന്നു. നിങ്ങൾ വരുന്നോ?

ഞാൻ:—അങ്ങിനെയാകട്ടെ. വരാം.

ഇങ്ങിനെ പറഞ്ഞു ഞാനും ശാമുമേനവനും, തറവാട്ടിൽ കേറിച്ചെല്ലുമ്പോലെ ഷാപ്പിൽചെന്നു ഓരോ ഡ്രാം കഴിച്ചു. കഷായം കുടിക്കുന്ന കുട്ടികളെപ്പോലെ മുഖംകൊണ്ട് ചില ഗോഷ്ടികളൊക്കെ കളിച്ചു ഗ്ലാസ് നിലത്തുവെച്ചു. മദ്യത്തിൻെറ മദം എന്നെ ഒന്നു ബാധിച്ചു. എൻെറ കണ്ണു തിളങ്ങി. എൻെറ ശൌൎയ്യം ഉണൎന്നു. ഞാനും ശാമുമേനവനും പിന്നെയും ഓരോ ഡ്രാം കഴിച്ചു അവിടുന്നിറങ്ങി. ശാമുമേനവനെപ്പോലെ എന്നെ സ്നേഹിക്കുന്ന ആൾ ലോകത്തിൽ മററാരും ഇല്ലെന്നു എനിക്കു തോന്നി. എൻെറ രക്തം ശരീരത്തിൽക്രുടെ നല്ല ശക്തിയിൽ ഓടിത്തുടങ്ങി. എൻെറ നാഡി തവള ചാട്ടംപോലെ ചലിച്ചു തുടങ്ങി. എനിക്ക് ആനന്ദമായി. ഞാൻ എന്തും ചെയ്യാൻ സന്നദ്ധനായി.

ഞാൻ:—നല്ല സാധനംതന്നെയാണ് നാം കഴിച്ചത്.

ശാ. മേ:—സാധനം നന്ന്. ജാതി നന്നല്ല.

ഞാൻ:—അതെന്താ?

ശാ. മേ:—നല്ല ജാതിയിലുള്ള നല്ല സാധനങ്ങൾ നാം ഇനിയും കണ്ടോ?

ഞാൻ:—എനിക്കു മനസ്സിലാകുന്നില്ല.

ശാ. മേ:—ചെമ്മികളിൽവെച്ചു സുന്ദരിയെ നാം അനുഭവിച്ചു. അമരികളിൽവെച്ചു സുന്ദരിയെ നാം കണ്ടിട്ടുക്രുടിയില്ല.

ഞാൻ:—എന്നാൽ അതല്ലെ ഒന്നു കാണേണ്ടത്?

ശാ. മേ:—അതിന്ന് തൃശ്ശൂരിൽതന്നെ പോകണം. അവിടെ 'ഷംപൈൻ' എന്ന ഒരുതരം മദ്യമുണ്ടത്രെ. കുപ്പിക്ക് ഓരോ പവനാണ് വില. അതാണുപോലും കുടിച്ചുനോക്കേണ്ടത്. ഭക്തന്മാൎക്കു കാശിയിൽപോയാലും നമ്മൾക്കു "ഷംപൈൻ" കുടിച്ചാലും ഫലം ഒന്നാണ്.

ഞാൻ:—എന്നാലെന്തിന്ന് മടിക്കുന്നു?

ശാ. മേ:—പണം ധാരാളം വേണ്ടെ? നമുക്ക് രണ്ടാൾക്കും അതു കഴിപ്പാൻ ഈ ജന്മത്തിൽ യോഗമുണ്ടെന്നു തോന്നുന്നില്ല.

ഞാൻ:—എന്തുകൊണ്ട്?

ശാ. മേ:—പണമില്ലാത്തതുകൊണ്ട്.

ഞാൻ:—പണം ദൈവം തരില്ലേ?

ശാ. മേ:—എന്നാൽ അപ്പോൾ ആകാം.

ഞാൻ:—ഇപ്പോൾ തന്നിട്ടില്ലെന്ന് എങ്ങിനെ വിശ്വസിക്കും?

ശാ. മേ:—രണ്ടാൾക്കുമുള്ള വണ്ടിക്കൂലി മാത്രമേ എന്റെ വശമുള്ളൂ. അതുംകൊണ്ട് അവിടെ എത്താനല്ലെ സാധിക്കുകയുള്ളൂ.

ഞാൻ:—ആട്ടെ. ആദ്യം അവിടെ എത്തിവീഴുക.

ശാ. മേ:—എന്നിട്ടോ.

ഞാൻ:—മദ്ധ്യരാജാവിന്ന് ഞാൻ ഏററു.

ശാ. മേ:—അത് ആഡ്വ്യൻരാജാവും സ്റ്റെയിഡ്‌രാജാവും ഒന്നുമല്ല.

ഞാൻ:—ഏത് ചക്രവത്തിയായാലും ഞാൻ ഏററു.

ശാ. മേ:—വെറുതെ പറയേണ്ട. കൂപ്പിക്ക് ഒരു പവനാണ്.

ഞാൻ:—അതുകൊണ്ടെന്താ. പവനാണെങ്കിൽ പവൻ കൊടുക്കണം.

ശാ. മേ:—എന്നെ കളിയാക്കരുത്.

ഞാൻ:—കാര്യം മാത്രമെ ഞാൻ പറഞ്ഞിട്ടുള്ളൂ.

ശാ. മേ:—എന്നാൽ പണം കാണിക്കൂ.

ഞാൻ:—പണം കാണിക്കേണ്ടുന്ന ദിക്കിൽനിന്ന് കാണിക്കും. നിങ്ങൾ ടിക്കററ് മേടിക്കുവിൻ.

ശാ. മേ:—വിശ്വസിച്ചു ചതിക്കരുതേ! മടങ്ങിവരാൻകൂടി എന്റെവക്കൽ ഒന്നും ഇല്ല.

ഞാൻ:—ഒന്നും ഭയപ്പെടേണ്ട. ഞാൻ സാധുവാണെങ്കിലും ഇന്ന് ഞാൻ വിചാരിച്ചാൽ സാദ്ധ്യമാകുന്ന കാര്യമാണിത്.

ശാ. മേ:—സ്വന്തം രാജ്യത്തിൽനിന്ന് വിചാരിക്കുംപോലെയല്ല അന്യരാജ്യത്തിൽനിന്ന് വിചാരിക്കുന്നത്.

ഞാൻ:—മിണ്ടാതിരിക്കൂ. കേശവന്റെ വീര്യം അപ്പോൾ കാണാം. "എന്റെ കയ്യുക്ക് അസാരം കാണിക്കാം." കേശവന്ന് പണവും തുണവും സമമാണ്. അങ്ങിനെ എത്ര വരുന്നു. അങ്ങിനെ എത്ര പോകുന്നു. ഒട്ടും ശങ്കിക്കേണ്ട. അവിടെ എത്തേണ്ടുന്ന താമസം. പിന്നെയുള്ള കാര്യമൊക്കെ ഞാനേററു.

ശാമുമേനോൻ ആശ്ചര്യത്തോടെ എന്റെ മുഖത്തൊന്നു നോക്കി. പിന്നെ എന്റെ വിശേഷപ്പെട്ട കോട്ടും റിസ്റ്റ്‌വാച്ചും ഒന്നു നോക്കി. പിന്നെ എന്റെ പോക്കററ് ഒന്നു നോക്കി. ഞാൻ കൂസലില്ലാതെ ഊവലിട്ടു. കുചേലനം കുബേരനായിട്ടില്ലേ എന്നു വിചാരിച്ചു. അദ്ദേഹം ആപ്പീസിൽ എത്തിയ ഉടനെ ടിക്കററ്‌വാങ്ങി. ഞങ്ങൾ തീവണ്ടിവഴിയായി തൃശ്ശൂരിൽ വന്നിറങ്ങി. വണ്ടി ഇറങ്ങി ഞങ്ങൾ നടന്നു.

ശാ. മേ:—അസ്സൽ കോട്ടല്ലോ.
ഞാൻ:—വക്കുള്ള കോട്ടാണ്.
ശാ. മേ:—പണം കൈവശം കുറെ ജാസ്തി ഉണ്ടോ?
ഞാൻ:—വേണ്ടുമാത്രം ഉണ്ടാകും.
ശ. മേ:—പത്തുമുപ്പതുറുപ്പികയോളം ചിലവാക്കേണ്ടിവരും.
ഞാൻ:—ചിലവാക്കാൻ ഒരുങ്ങീട്ടുതന്നെയാണ് വന്നത്.
ശാ. മേ:—ആ പറഞ്ഞത് ഉശിരുള്ള വാക്കാണ്.
ഞാൻ:—കേശവന്ന് പണത്തിൽ ചിലസമയം കുറവു നേരിട്ടുമെന്നല്ലാതെ ഉശിരിൽ ഒട്ടും കുറവ് നേരിടില്ല.
ശാ. മേ:—പണമെന്തുസാരമുണ്ടോ. ചിലവാക്കാനുള്ളതല്ലേ പണം.
ഞാൻ:—സംശയമുണ്ടോ. "അർത്ഥമുണ്ടായലതുകൊണ്ടനുഭവിക്കാഞ്ഞാൽ—അർത്ഥമുള്ളോനുമിരപ്പാളിയുമൊരുപോലെ".
ശാ. മേ:—ഇതാണ് പിള്ളയുടെ ഷാപ്പ്.
ഞാൻ:— വരൂ. അവിടെ കേറിയിരിക്കാം.
ശാ. മേ:—അതെ യുവതികൾ കാമുകന്മാരുടെ മടിയിൽ കേറിയിരിക്കുമ്പോലെ.
ഞാൻ:—അല്ല, രാജാക്കന്മാർ സിംഹാസനത്തിൽകേറി ഇരിക്കുമ്പോലെ
ശാ. മേ:—കോട്ടുകണ്ടാൽ പൊളിഞ്ഞ ഒരു രാജാവാണെന്ന് ആരും സംശയിക്കും.
ഞാൻ:—'പൊളിഞ്ഞ' എന്ന് പറയരുത്. 'തികഞ്ഞ' എന്നാണ് പറയേണ്ടത്,

ഇങ്ങിനെ ഞങ്ങൾ ചെന്നു ഒന്നാന്തരം വെണ്ണക്കല്ലടിച്ച ഒരു മേശയുടെ പിൻഭാഗത്തിട്ട കിടക്കയെടിച്ച് കസേലമേൽ കേറിയിരുന്നു. നോക്കുന്നേടത്തൊക്കെ ആഡംബരത്തിന്റെയും രാജസത്തിന്റെയും തകൃതി. ഒരിക്കലെങ്കിലും ജില്ലാജഡ്ജിയാണെന്നഭാവം നടിച്ചുനോക്കട്ടെ എന്നു ഞാനും വിചാരിച്ചു. കല്പിക്കുവാൻ ചിലർ, അനുസരിക്കാൻ ഞാൻ, എന്ന തോതുവിട്ട് കല്പിക്കുവാൻ ഞാൻ, അനുസരിക്കാൻ ചിലർ എന്ന തോതൊന്നു പിടിക്കട്ടെ എന്ന് ഞാനും ഉറച്ചു.

ഞാൻ:—(ഉച്ചത്തിൽ) ആരവിടെ?
ഒരു ദാസൻ.—(വായപൊത്തീട്ട്) യജമാൻ.
ഞാൻ:—എന്താണ് പങ്കവലിക്കാത്തത്? ഇതൊക്കെ പറഞ്ഞിട്ടുവേണോ ചെയ്യാൻ?
ഒരു ദാസൻ:—യജമാൻ ഇതാ വലിച്ചുതുടങ്ങി.
ഞാൻ:—പിന്നെയാരുണ്ടിവിടെ?
മറെറാരു ദാസൻ:—(വന്നിട്ട്) യജമാൻ കല്പിക്കാം.
ഞാൻ:—ഒരു കുപ്പി ഷംപൈൻ കൊണ്ടുവരൂ.
ദാസൻ:—ഇവിടുന്നു.....എന്താ കല്പിച്ചത്?

ഞാൻ:—ഒരു കുപ്പി ഷാംപെയ്ൻ. എന്താ ചെവിട് പതുക്കയാണോ?
ദാസൻ:—യജമാൻ കുപ്പിക്ക് ഒരു പവനാണ്.
ഞാൻ:—എട ചെററ! വിലയെന്താണെന്ന് നിന്നോട്ട ചോദിച്ചോ? കൊണ്ടുവരാൻ പറഞ്ഞാൽ നീ പോയി കൊണ്ടുവരികയല്ലേ വേണ്ടത്?
ശാ. മേ:—വേഗം ചെല്ലെടൊ. മൂപ്പരെ ക്രോധിപ്പിക്കേണ്ട. വിലയൊക്കെ ബില്ലുകൊടുത്തു മേടിച്ചോ.
ഞാൻ:—ആരോടാണ് പറയുന്നത്. ഈ കഴുതയോടോ? ഒന്നിനും കൊള്ളാത്ത അസത്ത്. മരുഭൂമിയിലെ കാട്ടുപോത്ത്, വെണ്ണയിലൊട്ടിയ മുടിനാര്. ചാണകത്തിലെ പുഴു. ഇങ്ങിനെ ഒരു വിവരമില്ലാത്തവനെ ഞാൻ എൻെറ ആയുസ്സിന്നിടക്ക് കണ്ടിട്ടില്ല.
ശാ. മേ:—ആളുകളെ കണ്ടാലെങ്കിലും മനസ്സിലാക്കണ്ടേ.
ഞാൻ:—കണ്ടാൽ മനസ്സിലാകുന്നു! കൊണ്ടാലുംകൂടി മനസ്സിലാവില്ല. (തിരിഞ്ഞുനോക്കീട്ട്) പങ്ക നല്ലവണ്ണം വലിയെടൊ. ഇതെന്തിനാണ് ഇവിടെ കെട്ടിത്തൂക്കിയത്?
ഭംഗിക്കൊ? വല്ലതും കാട്ടിക്കൂട്ടുകയെന്നോ? നീ എന്നെ വെറുതെ ക്രോധം പിടിപ്പിക്കേണ്ട.
ദാസൻ:—യജമാൻ എന്നെ മാപ്പാക്കണം.

അപ്പോൾ ആള്യംപോയ വേലക്കാരൻ കുപ്പിയും ഗ്ലാസുകളും ഒക്കെ ഞങ്ങളുടെ മുന്നിലിട്ട മേശമേൽ കൊണ്ടുവന്നുവെച്ചു. ഞാൻ അവനെ നെററിചുളിച്ചു കോപത്തോടെ ഒന്നുനോക്കി.

ഞാൻ:—എന്താണിത്ര താമസം? ഒരു മാസമായല്ലൊ പോയിട്ട്? ചോറല്ലേ തിന്നുന്നത്? ഒന്നിനുംകൊള്ളാത്ത ശവം. താടിമുളച്ച പെണ്ണ്. ശുദ്ധകന്നം. •

എൻെറ ലഹള ഒക്കെ കേട്ടപ്പോൾ ഹോട്ടൽ മാനേജർ മിസ്റ്റർ പിള്ള തന്നെ മുറിയിൽ കടന്നുവന്ന് എനിക്ക് താണ് ഒരു സലാംവെച്ചു. ഞാൻ കണ്ണൊന്നു പൂട്ടി.

പിള്ള:—ക്ഷമിക്കണം സെർ. കുപ്പിവെച്ച അലമാറിയുടെ താക്കോൽ കണ്ടില്ല.
ഞാൻ:—അതുകൊണ്ട് ഞാൻവന്നു അത് തിരഞ്ഞു എടുത്തുതരേണമെന്നോ? യഥാരാജാ തഥാപ്രജാ. ശിവ ശിവ താൻ, ഞാനാരെന്നുവിചാരിച്ചു?
പിള്ള:—അയ്യൊ സേർ. അങ്ങിനെ ധരിക്കരുത്. താക്കോൽ കാണാത്തതുകൊണ്ട കുറെ താമസം നേരിട്ടു എന്നെ പറഞ്ഞിട്ടുള്ളു.
ഞാൻ:—കേട്ടോ പറയാത്തതു പറഞ്ഞു എന്നു പറയുന്നത്.
പിള്ള:—താമസത്തെ പററി ഞാൻ പറവാൻ ഭാവിക്കുകയായിരുന്നു.
ഞാൻ:—സകലകാര്യത്തിനും താമസംതന്നെ. ഇന്ത്യക്കാർക്ക് ഒരു കാ

യ്യത്തിനും ചുണയില്ല. ലണ്ടൻ, പാരീസ് മുതലായ പട്ടണങ്ങളിൽ ചെന്നു നോക്കേണ്ട. എന്തൊരവസ്ഥയാണ്! പറയുമ്പോൾ എത്തിപ്പോയില്ലേ സാമാനങ്ങൾ.

പിള്ള:—അത്രത്തോളം പരിഷ്ക്കാരം ഇവിടങ്ങളിൽ എത്താറായിട്ടില്ല.

ഞാൻ:—പരിഷ്ക്കാരം ഇല്ലെങ്കിലും ചുണകാണിച്ചുക്രുടയോ?

പിള്ള:—ഇവിടുന്നുകാണിക്കുമ്പോലെ ബാക്കിയുള്ളവക്കു സാധിക്കയില്ല.

ഞാൻ:—ഇവിടുത്തുകാരനല്ലേ ഞാൻ? പരദേശിയൊന്നുമല്ലല്ലൊ.

പിള്ള:—ഇക്കുറി എല്ലാം ഇവിടുന്നു മാപ്പാക്കണം. (വേലക്കാരെ നോക്കീട്ട്) എല്ലാരും ഉശാറായിരിക്കണം. മൂപ്പർ ആക്ഷേപിച്ചാൽ ഒന്നിനേയും ഞാൻ ബാക്കിവെക്കില്ല.

ഞാൻ:—ഇതുവരെ ബാക്കിയായതുതന്നെ ആശ്ചര്യം.

പിള്ള:—മേലാൽ ഇവരിൽ യാതൊരു വീഴ്ചയും കാണാനിടവരില്ല.

ഇങ്ങിനെ പറഞ്ഞു്, താണ് ഒരു സലാമും തന്നു പിള്ള അകത്തുപോയി. ഞാനും ശാമുമേനവനും ഷംപൈൻ കുടിച്ചതുക്രുടാതെ, കട്ലററ്, ചാപ്സ്, അപ്പം, ചീസ്ബിസ്കറ്റ് മുതലായ സാമാനങ്ങളും ഓഡർ ചെയ്തു. കത്തിയും മുള്ളും കണ്ടപ്പോൾ ഞാനൊന്നു ഞെട്ടി. പയററിയാത്തവക്ക് വാളും പരിചയും കിട്ടീട്ടെന്താണ്? ഏതായാലും ഒരു ഒഴികഴിവു പറയാതെ നിവൃത്തിയും ഉണ്ടായിരുന്നില്ല.

ഞാൻ:—കത്തിയും മുള്ളും ശീമവിട്ടതിൽപിന്നെ ഞാൻ ഉപയോഗിക്കാറില്ല.

ശാ. മേ:—ഇന്ത്യയിലെത്തിയാൽ ഇന്ത്യക്കാരുടെ മാതിരിയാണ് നല്ലതു്.

ഞാൻ:—അതൊക്കെ ഇഷ്ടംപോലെ എന്നെ ഉള്ളു. പണ്ട് ബ്ലാത്തിയിൽവെച്ചു വലിയ ഒരു പ്രഭുവിൻെറ വകയായി വമ്പിച്ച ഒരു തീനുണ്ടായിരുന്നു. രാജവംശക്കാരിൽ പലരും അന്ന് അവിടെ ഹാജരുണ്ടായിരുന്നു. ഞാൻ അന്ന് അവിടെ ചെന്നതു് ഇന്ത്യക്കാരൻെറ വേഷത്തിലായിരുന്നു. എന്നിട്ടെന്താ? സകല മദാമ്മമാക്കും എന്നോടായിരുന്നു ഇഷ്ടം.

ശാ മേ:—ഇവിടത്തെ ഭാഗ്യം ചില്ലറയാണോ?

ഇങ്ങിനെ ഞങ്ങൾ കുറെനേരം കുടിച്ചും തിന്നും സംസാരിച്ചും സമയം കഴിച്ചു. ഷംപൈനിന്ന് മത്ത് പോരെന്നുകണ്ടിട്ട് ഒരു കുപ്പി വിസ്കിയും ക്രുടി മേടിച്ചു. ഓരോ ഡ്രാം വിസ്കി വേലക്കാക്കും ചെരിച്ചു കൊടുത്തു. അവരുടെ യജമാൻവിളിയും, തൊഴലും ക്രുടക്കൂടെ വർദ്ധിച്ചു. എനിക്കു നല്ല പരമാനന്ദമായി. ഞാൻ ബിൽ കൊണ്ടുവരാൻ പറഞ്ഞു. ബിൽ കൊണ്ടുവന്നുനോക്കിയപ്പോൾ 27ക. 3ണ. 6പ. ആണെന്നുകണ്ടു. ഞാൻ ഒരുപെട്ടി സിഗററ്റിനു പിന്നെയും ഓഡർ കൊടുത്തു. അവൻ പോയപ്പോൾ എൻെറ അവസ്ഥ മുഴുവൻ കാണിക്കുവാൻ തക്കവണ്ണം, രണ്ടു പവൻ എടുത്തു, മേശപ്പുറത്തു വലിച്ചു ചാടിക്കൊടുക്കുവാൻ ഉറ

പ്പാക്കി പിള്ളയെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു. പിള്ള വന്നപ്പോൾ ഞാൻ സിഗററും വലിച്ചു ഒരു കൂസലുമില്ലാതെ പോക്കററിൽ കയ്യിട്ടു. പവൻ രണ്ടും അവിടെ കണ്ടില്ല.

III

ഞാൻ ഞെട്ടി എന്നും ഞാൻ അന്ധാളിച്ചു എന്നും, മാത്രം പറയുന്നതിനേക്കാൾ ഒന്നും പറയാത്തതാണ് നല്ലത്. ഞാൻ എല്ലാ കീശയിലും കയ്യിട്ടുനോക്കി. ഒന്നിലും പവൻ കണ്ടില്ല. ഈശ്വരാ! എന്നെ ആർ പററിച്ചു? ഞാൻ കഷ്ടത്തിലായല്ലോ. ഇവിടെ എന്തു നിവൃത്തി? തീവണ്ടിയിൽനിന്ന് ആരൊ പററിച്ചതായിരിക്കണം. അതൊക്കെ ഇവിടെ പറഞ്ഞിട്ടെന്തു ഫലം. എന്തായാലും ശരി ഈ കുടുക്കിൽനിന്ന് എങ്ങിനെ ഒഴിഞ്ഞുപോരും. ആട്ടെ, അടുത്ത ഷാപ്പിൽപോയി റിസ്റ്റ്‌വാച്ച് വില്ക്കാമെന്ന് ഞാൻ ഉറപ്പാക്കി. ഉപായത്തിൽ ഒന്നു പുറത്തിറങ്ങാൻ നോക്കുകയാണ് നല്ലത്.

ഞാൻ:—ഹ്ഹ. വല്ലാത്ത ഉഷ്ണം.

ഇങ്ങിനെ പറഞ്ഞു ഞാൻ ജഡ്ജിയുടെ കോട്ട് മേശമേൽ അഴിച്ചിട്ടു. "ഓരോ ഡ്രാം വൈനുംകൂടി കൊണ്ടുവരട്ടെ എന്നിട്ടാവാം ബിൽ" എന്നു പറഞ്ഞ്, എനിക്കു കൊണ്ടുവന്നുതന്ന ബിൽ ഞാൻ പിള്ളയുടെ വശംതന്നെ കൊടുത്തു. അയാൾ അവിടെതന്നെ നിന്നു. ആ കോട്ടിൻെറ തുണിയും അവസ്ഥയും കണ്ടപ്പോൾ ഞാൻ സാമാന്യനല്ലെന്ന് അയാൾ ധരിച്ചിട്ടുണ്ടാകും. അതുകൊണ്ട് എനിക്ക് മോക്ഷംകിട്ടി. ഞാൻ ശാന്തമേനവനെനോക്കി "ഞാനിതാ എത്തിപ്പോയി. ഒരു രണ്ടു മിനുട്ട് ഇവിടെ ഇരിക്കിൻ" എന്നും പറഞ്ഞു ബദ്ധപ്പെട്ടിറങ്ങി പുറത്തേക്ക് നടന്നു. പണം മുഴുവനുമായില്ലെങ്കിൽ മടങ്ങി അങ്ങട്ട് ചെല്ലേണ്ടെന്നും ഞാൻ ഉറപ്പാക്കി. എനിക്ക് ഒരു പുതിയ ജീവൻവെച്ചു എങ്കിലും ഞാൻ നോക്കുമ്പോൾ ഷാപ്പിലെ ഒരു വേലക്കാരൻ എന്നെ ഒളിവായി പിന്തുടരുന്നുണ്ടെന്നു കണ്ട് എനിക്ക് പിന്നേയും ഇച്ഛാഭംഗം നേരിട്ടു. ചാടിപ്പോവാനും തരമില്ലെന്നു കണ്ടപ്പോൾ എനിക്ക് വല്ലാത്ത കുണ്ഠിതമായി. അഭിനയം കുറെ ജാസ്തിയായിക്കഴിച്ചതിൽപിന്നെ ഞാൻ ആരെന്ന കള്ളിയും പുറത്തുവന്നു. ഒരു കള്ളൻെറനിലയിൽ രണ്ടാമതും അവിടെ മടങ്ങിച്ചെല്ലുന്നതിനേക്കാൾ തൂങ്ങിച്ചാകയാണ് നല്ലതെന്ന് എനിക്കുതോന്നി. ആട്ടെ ഒരുകൂടി ഭാഗ്യം പരീക്ഷിക്കട്ടെ എന്നു വിചാരിച്ചിട്ട് ഞാൻ അടുത്തു കണ്ട ഒരു വാച്ച് റിപ്പേറരുടെ (ഘടികാരം നന്നാക്കുന്നവൻെറ) ഷാപ്പിൽകേറി എൻെറ റിസ്റ്റ്‌വാച്ച് കാണിച്ച്, മുപ്പത്തഞ്ചുറുപ്പികക്ക് വില്ക്കാൻ ഞാൻ തയ്യാറാണെന്ന് അറിയിച്ചു.

അവൻ:—മുപ്പത്തഞ്ചോ? എന്താ വാരലാ?

ഞാൻ:—നോക്കരുതോ. പൊന്നിന്റെ ചങ്ങല.

അവൻ:—പൊന്നു കാണാത്തവരല്ലേ ഞങ്ങൾ.

ഞാൻ:—ആട്ടെ നിങ്ങൾ എന്തു തരാൻ ഒരുക്കമുണ്ടു്?

അവൻ:—ഒരൊററ വിലയല്ലേ പറയേണ്ടു.

ഞാൻ:—രണ്ടാൾക്കും നഷ്ടംവരാത്തവിധത്തിൽ ഒരൊററവില.

അവൻ:—നാലര ഉറുപ്പിക തരാം. അല്ലെങ്കിൽ മടക്കിക്കൊണ്ടു പോയ്ക്കോളു.

ആടറിയുമോ അങ്ങാടിവാണിഭം എന്നു പറഞ്ഞകൂട്ടത്തിൽ എനിക്കുണ്ടോ റിസ്റ്റ്‌വാച്ചിന്റെ വിലയുടെ നിശ്ചയം? ഞാൻ കുറേനേരം അവന്റെ മുഖത്തുനോക്കി. അവന്നു് യാതൊരു ഭേദഭാവവും കണ്ടില്ല. എന്തിന്നു പറയുന്നു ഞാൻ കയ്യുംനീട്ടി, നാലര ഉറുപ്പികയുംവാങ്ങി മെല്ലെ പുറത്തേക്കിറങ്ങി. എന്റെനേരെ റോഡിന്റെ മറുവശത്തെ പീടികയിൽനിന്നു് എന്നേയും നോക്കിക്കൊണ്ടു് ഷാപ്പിലെ വേലക്കാരൻ നില്ക്കുന്നുണ്ടായിരുന്നു.

ഈ നാലരയുംകൊണ്ടു് പത്തുമുപ്പതിന്റെ കടം ഞാൻ എങ്ങിനെ വീട്ടും? ഞാൻ ഓരോന്നോ ആലോചിച്ചുകൊണ്ടു് കുറെ ദൂരത്തോളം നടന്നു. ഒന്നുമില്ലെങ്കിൽ ഷാപ്പുകാരന്റെ പണം മുഴുവൻ കൊടുക്കണം. അല്ലെങ്കിൽ ഷാപ്പുകാരന്റെ ദാസന്റെ കണ്ണിൽ പൊടിയിടണം. നവീനാശയത്തിന്റെ കൂടായ എനിക്കുംകൂടി ഒരു യുക്തിയും തോന്നിയില്ല. ദൂരത്തിൽനിന്നു് ഒരു ബസ്സ് വരുന്നതു കണ്ടു. ഒരു കൌശലം എന്റെ ഉള്ളിൽ മിന്നൽപോലെ ഒന്നു മിന്നി. ബസ്സേകദേശം എന്റെ വലത്തുഭാഗത്തെത്തിയപ്പോൾ ഞാൻ ഇടത്തോട്ടു നോക്കിക്കൊണ്ടു് ബസ്സിന്റെ മുന്നിൽക്കൂടെ റോഡ്‌മുറിച്ചു് ഒരു പാച്ചിൽ പാഞ്ഞു. ഞാൻ വിചാരിച്ചപോലെ ബസ്സുകാരൻ ബസ്സ് നിൎത്തിയെങ്കിലും, നിൎത്തുംമുമ്പെ കിട്ടിയ തട്ടുകൊണ്ടു് ഞാൻ അല്പം ദൂരെ തെറിച്ചു വീണു. റോഡിൽ രണ്ടുമൂന്നു പ്രാവശ്യം ഉരുണ്ടുപോയി. എനിക്കു് നാലഞ്ചു ദിക്കിൽ പരിക്കേററിട്ടു് ചോര വന്നിരുന്നു. എങ്കിലും പറയത്തക്ക യാതൊരു ഉടവും സിദ്ധിച്ചില്ല. ഞാൻ റോഡ്‌മുറിച്ചു പാഞ്ഞ ഉടനെതന്നെ ബസ്സിലുള്ളവരുടെ നിലവിളി—അയ്യോ! യജമാനൻ വീണു എന്നു ഷാപ്പിലെ വേലക്കാരന്റെ നിലവിളി—ഹോ ആരോ പെട്ടു എന്ന കാണികളുടെ നിലവിളി—എന്നിങ്ങിനെ കേട്ടതോടുകൂടി, ഞാൻ, കൃഷിക്കാരൻ വിത്തെറിയുംപോലെ എന്റെ കയ്യിലുണ്ടായിരുന്ന നാണ്യങ്ങളൊക്കെ വിതറിപ്പോയതാണെന്നു തോന്നിപ്പോകുംപ്രകാരം എറിഞ്ഞു. ബസ്സിലുണ്ടായിരുന്ന ആളുകളും ചുററുമുണ്ടായിരുന്ന ആളുകളും എന്നെ വളഞ്ഞിട്ടു, ഞാൻ ബോധംകെട്ടപോലെ അവിടെ കണ്ണുംപൂട്ടി കിടന്നു.

"മരിച്ചുപോയോ, മരിച്ചുപോയോ" എന്നു നിലവിളിച്ചുകൊണ്ട് വളരെ ആളുകൾ ഓടി എത്തി എൻെറ ചുററും വന്നുനിന്നു. ബസ്സ്ഡ്രൈവർ കുറെ വെള്ളം കൊണ്ടുവന്നു എൻെറ മുഖത്തു തളിച്ചു. ഞാൻ പ്രയാസപ്പെട്ടു കണ്ണു തുറന്നു. കണ്ണു തുറന്നതു കണ്ടപ്പോൾ വളരെപേർ മരണമൊന്നും ഉണ്ടായില്ലല്ലോ എന്ന ഇച്ഛാഭംഗത്തോടെ മടങ്ങിപ്പോയി. ഞാൻ എഴുന്നേററിരുന്നു വളരെ വേദനയുള്ളപോലെ ഞരങ്ങി. രണ്ടാളുകൾ എന്നെ താങ്ങി ഒരു പീടികയുടെ കോലായിൽ കൊണ്ടയിരുത്തി. ഞാൻ കുറെ വെള്ളം കുടിച്ചു. അപ്പോൾ ചിലർ ചില നാണ്യങ്ങൾ നിരത്തിന്മേൽ വീണുകിടക്കുന്നതുകണ്ടിട്ട് എടുത്തു കൊണ്ടുവന്നു.

ഡ്രൈവർ:—എന്താ നല്ലവണ്ണം പററിയോ?

ഞാൻ:—പുറമെ അധികമില്ലെങ്കിലും ഉള്ളു മുഴുവൻ വേദനിക്കുന്നു.

മാനേജർ:—ഞാനെന്താണ് വേണ്ടത്? പോലീസ് പിന്നെയും ചാർജ്ജു വെക്കുമല്ലോ.

ഒരു പാന്ഥൻ:—(കോപത്തോടെ) ആളുകളുടെ പണം വാരി പെട്ടിയിൽ നിറച്ചാൽമാത്രം പോര. കുറെ സൂക്ഷിക്കണം.

ഡ്രൈവർ:—ആര് തെററ് ചെയ്താലും ഒടുക്കംകാലം ഞങ്ങൾക്കേ കുററമുണ്ടാകൂ.

ഒരു പാന്ഥൻ:—അതേ. അതേ. ഒടുക്കം കാലരൊക്കെ കുററക്കാരായ നിങ്ങളാണ്.

മറെറാരു പാന്ഥൻ:—സാറേ! ഈ നാണ്യങ്ങൾ നിങ്ങളുടെ കയ്യിൽ നിന്ന് വീണതാണോ?

ഞാൻ:—അതെ.

ഒരാൾ:—ആകപ്പാടെ എന്തുണ്ടായിരുന്നു?

ഞാൻ:—ചില്ലറയായിട്ട് എട്ടണ. മുഴുവൻ ഉറുപ്പികയായിട്ട് നാല്. പവനായിട്ട് രണ്ട്.

അപ്പോൾ നാണ്യം കിട്ടിയവരൊക്കെ ഒരേടത്ത് കൊണ്ടുവന്നു വെച്ചു. എണ്ണിനോക്കിയപ്പോൾ ഞാൻ പറഞ്ഞ നാലര ഉറുപ്പിക കണക്കായുണ്ട്. പവൻ രണ്ടും കണ്ടില്ല.

മാനേജർ:—പവനാർക്കും കിട്ടിയില്ലല്ലോ?

ഒരു പാന്ഥൻ:—പവൻ കിട്ടിയവരാരും അത് തിരികെ കൊണ്ടുവന്നു തരില്ല.

ഒരാൾ:—അതെന്തിന് ഈ സാധുമനുഷ്യൻ അറിയുന്നു. അദ്ദേഹം നഷ്ടത്തിന്ന് ബസ്സ്മാനേജരുടെപേരിൽ അന്യായപ്പെടട്ടെ. നമ്മളൊക്കെ സാക്ഷികളല്ലെ?

ഞാൻ:—എനിക്കു അന്യായത്തിന്നും കൂട്ടത്തിന്നും ഒന്നും കഴിയില്ല.

ഒരാൾ:—എന്ത്, പണം വെറുതെ പോട്ടെ എന്നോ?

ഞാൻ:—അതല്ല. എന്റെ രണ്ട് പവൻ കിട്ടിയാൽ ഞാൻ വന്നവഴിയെ പോയ്ക്കൊള്ളാം. അന്യായത്തിന്നും മറവും ധ്വജംകെട്ടി പുറപ്പെടുവാൻ എന്നെക്കൊണ്ട് വയ്യാ. പിന്നെ ഈ കാര്യത്തിൽ തെററ് എന്റെവക്കലും കേവലം ഇല്ലാതില്ല.

ഡ്രൈവർ:—നിങ്ങളാണ് നേർ മര്യാദക്കാരൻ.

ഷാപ്പ്കാരന്റെ ദാസൻ:—പൊന്നെജമാനനാണ്. അവർ നിത്യം ഇടുന്ന കോട്ടതന്നെ കണ്ടാൽ മതി.

മാനേജർ:—സാർ ആ നഷ്ടം ഞാൻ വെച്ചുതരാം. നിങ്ങൾ ഞങ്ങളെ പോവാൻ അനുവദിച്ചാൽ മതി.

ഞാൻ:—എനിക്ക വിരോധമില്ല.

മാനേജർ പത്തുറുപ്പികയുടെ നോട്ട് മൂന്നെണ്ണം എന്റെ കൈവശം തന്നു, ബസ്സ്ംനടത്തിപ്പോയി നേരംപോക്കൊക്കെ ഇത്രക്ഷണം തീൎന്നുപോയല്ലോ എന്ന വ്യസനത്തോടെ ബാക്കിയുള്ള ആളുകളും പിരിഞ്ഞു. യുക്തി ഫലിച്ചെന്ന ചാരിതാൎത്ഥ്യത്തോടെ ഞാൻ ഒരു റിക്ഷാവണ്ടിയിൽ കേറി പിള്ളയുടെ ഷാപ്പിൽ എത്തി. എന്നേയും കാത്തുകാത്തു ശാമുമേനവൻ കസേലമേൽ ഇരുന്നപാടെ ഉറങ്ങിപ്പോയിരുന്നു. ഞാൻ പിന്നേയും ഒരു മണിക്കൂർനേരത്തോളം അവിടെ ഇരുന്നു. അപ്പോൾ ശാമുമേനവൻ ഉണൎന്നു. കണക്കൊക്കെ ഞങ്ങൾ തീൎത്തു. ഞങ്ങൾക്ക രണ്ടാൾക്കുമുള്ള തീവണ്ടിച്ചിലവിന്നുള്ള പണം മാത്രം കയ്യിൽ വെച്ചു ബാക്കിയൊക്കെ ഞങ്ങൾ ചിലവാക്കി. പിള്ളയുടെ ദാസന്മാൎക്കും വേണ്ടതിലേറെ ഇനാം കൊടുത്തു. അവർ ഞങ്ങൾക്ക ഏറിയ സലാം പകരംതന്നു. പിന്നെ ഞങ്ങൾ രണ്ടാളും വണ്ടികേറി ചെറുതുരുത്തിയിൽ എത്തി. നേരം മൂന്നുമണിയായി. വണ്ടി ഇറങ്ങിയ ഉടനെ ഞങ്ങൾ രണ്ടാളും ഒരു ആലിന്റെകീഴിൽ കിടന്നു കുറെ ഉറങ്ങി. ക്ഷീണം പിന്നേയും തീരാത്തതുകൊണ്ട് ഞങ്ങൾ ഭാരതപ്പുഴയിൽ ഇറങ്ങി നല്ലവണ്ണം മുങ്ങിക്കുളിച്ചു. ഞങ്ങളുടെ മത്തും ക്ഷീണവും ഒരുപോലെ ശമിച്ചു. എന്നോട്ട് യാത്രയും പറഞ്ഞു് ശാമുമേനവൻ പിരിഞ്ഞു. ഞാൻ സ്വന്തമായി. ഞാൻ ജഡ്ജി തന്ന കോട്ടും ഇട്ട് എന്റെ വീട്ടിലേക്ക പുറപ്പെട്ടു. അപ്പഴാണ് എനിക്ക ഞാൻ ചെയ്ത കുറ്റം കൈകളൊക്കെ ഓൎമ്മതോന്നിയത്. ആ രണ്ടു പവൻ ഉണ്ടായിരുന്നു എങ്കിൽ എന്റെ വീട്ടിൽ എന്തെല്ലാം കാൎയ്യാദികൾ നടത്താമായിരുന്നു. ആ റിസ്റ്റ്‌വാച്ച് എന്റെ മകന്ന് സമ്മാനിച്ചാൽ അവൻ എത്രണ്ട് പരമാനന്ദത്തിൽ മുഴുകമായിരുന്നു? എനിക്ക ദൈവം കാണിച്ചുതന്ന നിധിയല്ലേ ഞാൻ അനാവശ്യമായി കടിച്ച് മുത്തിച്ചുകളഞ്ഞത്? എന്റെ ഹൃദയം പശ്ചാത്താപത്തിൽ മുഴുകി. രണ്ടുറുപ്പിക കൊണ്ടുവന്നു കൊടുക്കാം എന്ന എന്റെ ശപഥവും ഓൎമ്മവന്നപ്പോൾ ഞാൻ ആകപ്പാടെ

സങ്കടംകൊണ്ട് കത്തിക്കരിഞ്ഞു. ഇനിമേലാൽ ഞാൻ കുടിക്കുകയില്ലെന്ന് സകല ദേവതകളേയും പിടിച്ച് ശപഥംചെയ്തു. എന്റെ അഗതികളായ ഭാര്യാമക്കളെ എനിക്ക ഓൎമ്മവന്നു. വീട്ടിന്റെ ഏകദേശം അടുത്തെത്തിയപ്പോൾ സങ്കടംകൊണ്ട് എനിക്ക നടക്കാനുംകൂടി ശക്തിയില്ലാതായി. ഞാൻ ഒരു കോണിൽനിന്ന് വീട്ടിന്റെ കോലായിലേക്ക് എത്തിനോക്കി. എന്റെ മകൻ തൂണുംപിടിച്ചു എന്റെ വരവും പ്രതീക്ഷിച്ചു നിരത്തിന്മേൽ ഉററുനോക്കിക്കൊണ്ട് കാത്തുനില്ക്കുകയായിരുന്നു. എന്തുകൊണ്ടെന്നാൽ അവന്ന് നിധിപോലെതോന്നിയിരുന്ന ഒരു കുപ്പായത്തിന്റെവക ഞാൻ കൊണ്ടുവരാൻ മതിയെന്ന് അവൻ ധരിച്ചിരുന്നു. എന്റെ ഭാൎയ്യവീട്ടിന്റെ വാതലിന്റെ പടിയിന്മേൽ ഇരുന്നു, മന്ദഹാസം തൂകിക്കൊണ്ടിരുന്ന എന്റെ പെൺകുട്ടിയുടെ മുടി, കൈകൊണ്ട് ചീകുകയായിരുന്നു. ആ കുട്ടിയും ഞാൻ ഇപ്പളിപ്പോൾ വരുമെന്ന വിചാരത്തോടെ നിരത്തിന്മേൽതന്നെ നോക്കിയിരുന്നു. എന്റെ ഭാൎയ്യയും ഞാൻ വന്നാൽ സാപ്പാടിന്ന് വല്ല വഴിയും കാണുമെന്ന വിചാരത്തോടെ പട്ടിണികിടന്ന എന്റെ മക്കളെ ആശ്വാസവചനങ്ങൾകൊണ്ട് ആനന്ദചിത്തന്മരാക്കി കൂടക്കൂടെ ഞാൻ വരുന്നുണ്ടോ എന്ന് ഉത്സുകതയോടെ നിരത്തിന്മേൽ നോക്കിയിരുന്നു. ഏററിരുന്ന ഉറുപ്പിക ഞാൻ കൊണ്ടുവരാതിരിക്കില്ലെന്ന് അവൾക്ക് നല്ല നിശ്ചയമുണ്ടായിരുന്നു. അവളുടെ ഒഴിഞ്ഞ കാതിൽ പണ്ടുണ്ടായിരുന്ന രണ്ടു കമ്മലും എന്റെ ഒരു കടത്തിന്നുവേണ്ടിയാണ് വിററുപോയത്. അവളുടെ ശൂന്യമായ കഴുത്തിൽ പണ്ടുണ്ടായിരുന്ന താലിയും പതക്കവും എന്റെ മദ്യപാനത്തിന്നുവേണ്ടിയാണ് ബലികഴിച്ചുപോയത്. എന്റെ കൂടെ വന്നിട്ട് അവൾ "ഉള്ളതും പോയെന്റെ ഉണ്ണിയമ്മേ" എന്ന നിലയിലായി. എന്നെ ഏററവും സ്നേഹിക്കുന്ന ഈ മൂവരേയും ഞാൻ എങ്ങിനെ നിരാശപ്പെടുത്തും. ഈശ്വരൻ കാണിച്ചുതന്ന ആ നിധിയിൽനിന്നു ഒന്നുരണ്ട് ഉറുപ്പിക എങ്കിലും എനിക്ക നിധിയെക്കാൾ വലുതായ ഈ മൂന്നുപേൎക്കും വേണ്ടി സൂക്ഷിച്ചുവെച്ചുകൂടായിരുന്നൊ? ഭഗവാനാണെ നേര് ഞാൻ എന്നെ അത്യന്തം ശപിച്ചു. ഏററവും ആശയോടുംകൂടെ എന്റെ വരവും പ്രതീക്ഷിച്ചു നില്ക്കുന്ന ആ മൂന്നുപേരുടേയും മുഖം കണ്ടപ്പോൾ എന്റെ കണ്ണിൽ വെള്ളം നിറഞ്ഞു. ഞാൻ എന്റെ രക്ഷയും ആശ്രയിച്ചുകഴിയുന്ന എന്റെ സാധുകുഡുംബത്തെ കേവലം വിസ്മരിച്ച്, ചെയ്തുവിട്ട കെടുകാൎയ്യവും, ധ്വംസനവും. സാഹസവും മററും വിചാരിച്ചപ്പോൾ ആ വെള്ളം ധാരധാരയായി പുറമെ ചാടി. ഇവരോട് എന്താണ് പറയേണ്ടത് എന്നു വിചാരിച്ച് ഞാൻ എന്റെ കണ്ണിലെ വെള്ളവും തുടച്ച് ആലോചിച്ചു. തൽക്കാലം വല്ലതും ഒരു ഒഴികഴിവ് പറയാതെ നിവൃത്തിയില്ലല്ലൊ. നാലഞ്ചു നമ്പർ സമൻ നടത്താനുണ്ടെന്നും, അതും നടത്തി ക്ഷണം വരാമെന്നും, വരുമ്പോൾ

ഞാൻ വാഗ്ദത്തം ചെയ്തവണ്ണം കൊണ്ടുവരാമെന്നും പറഞ്ഞ് അവരെ ആശ്വസിപ്പിച്ചു വീട്ടിൽനിന്നു പുറത്തുവരാമെന്നും എന്നിട്ട് ശേഷം വേണ്ടതെന്തെന്നാലോചിക്കാമെന്നും ഉറപ്പാക്കി, ആധികൊണ്ടു വലഞ്ഞുപോയ നെഞ്ചോടുകൂടേ ഞാൻ മെല്ലെ നടന്നു. സമൻസ് വെച്ച പെട്ടിയുടെ താക്കോലും ഞാൻ എന്റെ കീശയിലായിരുന്നു ഇട്ടത്. ഞാൻ പരിശോധിച്ചുനോക്കിയപ്പോൾ അതും അവിടെ കണ്ടില്ല. അപ്പോൾ ഞാൻ എന്റെ പടിക്കൽ എത്തിക്കഴിഞ്ഞിരിക്കുന്നു. എന്നെ കണ്ടപ്പോൾ "അതാ അച്ഛൻ വരുന്നു" എന്നു സന്തോഷത്തോടെ ഉച്ചരിച്ചുകൊണ്ട് എന്റെ രണ്ടുമക്കളും പടിക്കൽ ഓടി എത്തി, ഓരോരുവർ എന്റെ ഓരോ കയ്യുംപിടിച്ചു വീട്ടിലേക്ക് ആനന്ദചിത്തരായി നടന്നുതുടങ്ങി. എന്റെ ഭാര്യ മന്ദഹാസത്തോടെ എന്നെയും കാത്തു കോലായിൽ നിന്നിരുന്നു. ഞാൻ വ്യസനംകൊണ്ടും ഇച്ഛാഭംഗംകൊണ്ടും സ്വപ്നത്തിൽ നടക്കുന്നവനെപ്പോലെ നടന്നു. പിന്നെയും എന്റെ താക്കോൽ എവിടെ എന്ന വിചാരത്തോടെ ഞാൻ എന്റെ വലത്തെ കീശയും പരതി. താക്കോലിന്നുപകരം കീശക്ക് ഒരു തുളയാണ് കണ്ടത്. തുളയിൽക്കൂടെ കയ്യിട്ടു നോക്കിയപ്പോൾ ലൈനിങ്ങാണ് തടഞ്ഞത്. അപ്പോൾ എന്തോ ഒരു ഉറപ്പുള്ള സാധനം കുപ്പായത്തിന്റെ ഉള്ളിലൂടെ എന്റെ തുടക്കു തടഞ്ഞു. പുറമെനിന്നു പിടിച്ചുനോക്കിയപ്പോൾ അത് താക്കോലാണെന്ന് മനസ്സിലായി. കീശക്കു തുളയുണ്ടായിരുന്നു എങ്കിലും താക്കോൽ പുറമെ വീഴുന്നതിന്നു പകരം, ലൈനിങ്ങിൽ താണു തടഞ്ഞുനിന്നുപോയിട്ടേ ഉണ്ടായിരുന്നുള്ളു. ഞാൻ കീശയുടെ തുള വലുതാക്കി, അതിൽക്കൂടെ നാല് വിരൽ ഇട്ട് കുപ്പായത്തിന്റെ അററം പൊന്തിച്ചപ്പോൾ എന്റെ കയ്യിൽ തടഞ്ഞത് താക്കോലും രണ്ടു പവനും ആയിരുന്നു. എന്റെ മുഖം സന്തോഷംകൊണ്ടു തെളിഞ്ഞു. ഞാൻ അതൊക്കെ കയ്യിലാക്കി കോലായിൽ കേറി. "പറഞ്ഞതു കൊണ്ടുവന്നില്ലേ എന്നു എന്റെ ഭാര്യ ചോദിച്ചപ്പോൾ "ഉവ്വ്" എന്നു ഞാനും പറഞ്ഞു. അവൾ സന്തോഷത്തോടെ കൈനീട്ടിയപ്പോൾ ഞാൻ രണ്ടുപവൻ ആ കരപല്ലവത്തിൽ ഇട്ടുകൊടുത്തു. "ഹാ! ഹാ! രണ്ടുപവനാണോ" എന്ന് അവൾ ആനന്ദത്തോടെ പറഞ്ഞപ്പോൾ എന്റെ കുട്ടികൾ രണ്ടും പറകവയ്യാത്ത രസത്തോടെ നൃത്തം വെച്ചുതുടങ്ങി. ഇത്ര അധികം സ്വത്ത് ഇന്നേവരെ ഒന്നിച്ചുകാണാത്ത എന്റെ ഭാര്യ എന്റെ കണ്ഠത്തിൽ കരവും കെട്ടി എന്നെ ഒന്നു ചുംബിച്ചുകൊണ്ട് അവളുടെ നന്ദിയും ആശ്വാസവും പ്രദർശിപ്പിച്ചു. ഈ ഭാഗ്യമൊക്കെ എനിക്കുണ്ടാക്കിത്തീർക്കാൻ ആരാണ് കാരണമെന്നു വിചാരിക്കുന്നു. മററാരുമല്ല. ജഡ്ജിയുടെ കോട്ട്.

കെ. സുകുമാരൻ, ബി. എ.

# വിചാരവീചി.

## സമാധിയടഞ്ഞ സ്വാമി.

തന്നുടെജനനംകൊണ്ടന്യനാമൊരുത്തന്റെ-
ഉന്നതിവരുന്നാകിൽധന്യനശ്ശരീരവാൻ.

എന്നിരിക്കെ ലക്ഷോപലക്ഷം ജനങ്ങളുടെ ഉന്നതിക്ക് കാരണഭൂതനായ ശ്രീനാരായണഗുരുസ്വാമികളുടെ ധന്യത്വം നിർണ്ണയിക്കാൻ പ്രയാസമായിട്ടാണ് ഇരിക്കുന്നത്. സ്വാമികളെപ്പോലെയുള്ള മഹാത്മാക്കൾ ലോകത്തിൽ അനവധി ശതാബ്ദങ്ങൾകൂടുമ്പോഴെ അവതരിക്കാറുള്ളു. അവരുടെ അവതാരവും പ്രയോജനശൂന്യമായി വരാറില്ല. അദ്വൈതമതസ്ഥാപകന്റെ അവതാരഭൂമിയാവാനുള്ള ഭാഗ്യം കേരളത്തിന്നുണ്ടായിട്ടുണ്ടെങ്കിൽ അനാചാരശതങ്ങളുടെ കേന്ദ്രസ്ഥാനമെന്ന അപകീർത്തിയും നമ്മുടെ മാതൃഭൂമി സമ്പാദിച്ചിട്ടുണ്ട്. കേരളം ഒരു ഭ്രാന്തശാലയാണെന്ന് വിവേകാനന്ദസ്വാമികളും, "കേരളേ വാനരാചാരം" എന്നു മററുള്ളവരും നമുക്ക് ബഹുമതിനൽകുവാനുള്ള കാരണം സൂക്ഷ്മമായി അന്വേഷിക്കുന്നവർക്ക് ശ്രീനാരായണഗുരുസ്വാമികളുടെ ജീവചരിത്രം എന്നെന്നേക്കും ഒരു പാഠമായിരിക്കുന്നതാണ്. മനുഷ്യരിൽ ഉയർന്നവരെന്നും താണവരെന്നും വിഭാഗങ്ങളുണ്ടാക്കി, അവർ തമ്മിലു അടുപ്പവും അകൽച്ചയും അടികൊണ്ട് അളന്നുകണക്കാക്കിയ നാം ആചാര്യന്മാരുടേയും, ജഗദ്ഗുരുവരന്മാരുടേയും സ്വാമിവര്യന്മാരുടേയും ഉപദേശങ്ങൾ വകവെക്കാതെതന്നെയാണ് ഇന്നും കഴിഞ്ഞുകൂടുന്നത്. ബ്രാഹ്മണൻനില്ക്കുന്നിടത്ത് നായർവന്നുകൂടാ, നായരുള്ളിടത്ത് തിയ്യൻ ചെന്നുകൂടാ, തിയ്യനുള്ള സ്ഥലത്ത് പറയനെത്തിക്കൂടാ എന്നുള്ള ഭേദബുദ്ധി കേരളീയരെ മററുള്ളവരുടെ പരിഹാസപാത്രമാക്കിത്തീർത്തതിൽ അത്ഭുതമില്ല.

പടിഞ്ഞാറുനിന്നു ഇരമ്പിക്കയറിയ പ്രവാഹം നമ്മളേയും ബാധിക്കാതിരുന്നിട്ടില്ല. വലിയവെള്ളപ്പൊക്കമുണ്ടാകുമ്പോൾ ചില കുന്നുകളും മലകളും ഇടിഞ്ഞുവീഴാറുണ്ടെങ്കിലും പുഴയിൽ അധികം വെള്ളമില്ലാത്തകാലത്ത് വേരൂന്നിപ്പിടിച്ചിട്ടുള്ള ചെറിയ ചെടികളും പുൽക്കൊടികളും വെള്ളം വന്നാൽ

വീണ്ടും തലപൊന്തിക്കുന്നത് നാം കാണാറുണ്ടല്ലൊ. അതുപോലെ മേല്പറഞ്ഞ പ്രവാഹത്തിന്നിടയിൽ ചില അന്ധവിശ്വാസങ്ങൾക്കൊന്നും ഹാനിതട്ടിയില്ല. എന്നുതന്നെയല്ല വെള്ളത്തിൻെറ കൂടെയുണ്ടാവുന്ന വളംകൊണ്ട് അവ പൂൎവ്വാധികം തഴച്ചുവളരുകയും ചെയ്തു. ജഗദീശ്വരപ്രതിഷ്ഠചെയ്ത സ്ഥലങ്ങളിൽ ചിലൎക്ക് മാത്രമേ പോകാൻ അവകാശമുള്ളു. ജ്ഞാനഭണ്ഡാഗാരം തുറക്കുവാൻ ചിലൎക്കു മാത്രമേ അധികാരമുള്ളു. വൃത്തിപരിപാലിക്കുവാൻ ചിലൎക്കു മാത്രമേ നിവൃത്തിയുള്ളു. ഇങ്ങിനെയുള്ള വിഷമഘട്ടങ്ങൾ വരുമ്പോൾ ഈശ്വരൻതന്നെ അവതാരം ചെയ്ത് സങ്കട പരിഹാരം ചെയ്യുമെന്നാണല്ലൊ. "യദായദാഹി ധൎമ്മസ്യ" എന്നുതുടങ്ങിയ ഗീതാശ്ലോകം നമ്മോടു ഉപദേശിക്കുന്നത്. ശ്രീമച്ഛങ്കരാചാൎയ്യസ്വാമി(അന്നാചാരകൎത്താവല്ല; അദ്വൈതമതസ്ഥാപകൻ)കളുടെ സ്മരണ വിട്ടുപോവാൻ തുടങ്ങിയപ്പോൾ തുഞ്ചത്താചാൎയ്യൻ ഭൂജാതനായി, കേരളീയൎക്കു ജ്ഞാനോപദേശംചെയ്തു. ഗുരുമൊഴിപതിയെവിസ്മരിക്കുവാൻതുടങ്ങിയതോടുകൂടിഇതാ ശ്രീനാരായണഗുരുസ്വാമികളും തൻെറ സാന്നിദ്ധ്യംകൊണ്ട് കേരളത്തെ പരിപാവനമാക്കി.

തനിക്കുമുമ്പുണ്ടായ ആചാൎയ്യന്മാരെപ്പോലെ സ്വാമികളും സൎവ്വസംഗപരിത്യാഗിയായതിന്നുശേഷമാണ് ലോകോപകാരത്തിന്ന് ഒരുങ്ങിയത്. താൻ ജനിച്ച സമുദായത്തിൻെറ ദയനീയസ്ഥിതികണ്ട് മനസ്സലിഞ്ഞ ആ പുണ്യാത്മാവിന്ന് അതിനെ ഉദ്ധരിക്കുവാനുള്ള പ്രയത്നത്തിൽതന്നെ അധികം കാലം കഴിക്കേണ്ടിവന്നു. ഒരു പ്രത്യേകവ്യക്തിയുടെ പരിപോഷണം കയ്യേററവൎക്ക് ചിലപ്പോൾ മററു വ്യക്തികളുമായി മല്ലിടുവാനും അവരുടെ ശത്രുത്വം സമ്പാദിക്കുവാനും സംഗതിവരാറുണ്ട്. എന്നാൽ സ്വാമികളാകട്ടെ തൻെറ നയംകൊണ്ട് യാതൊരു സമുദായത്തേയും അകററീട്ടില്ലെന്നു മാത്രമല്ല, എല്ലാവരുടേയും പ്രീതിബഹുമാനങ്ങൾ സ്വാധീനമാക്കുകയും ചെയ്തിട്ടുണ്ട്. മത്സരവും ദ്വേഷവും വ്യാപാരച്ചട്ടങ്ങളായല്ലാതെ, ശാശ്വതമായ സുഖത്തിൻെറ അസ്തിവാരങ്ങളായി കരുതാതിരുന്ന ആ തത്വജ്ഞാനി നാനാസമുദായാംഗങ്ങളോടും, മതാനുയായികളോടും സോദരബുദ്ധിയോടുകൂടിയേ പെരുമാറിവന്നിരുന്നുള്ളു. ഈ ഏക സംഗതിയാണ് നാനാജാതിമതസ്ഥന്മാരുടേയും അകൈതവമായ ബഹുമാനാദരങ്ങൾക്ക് ആ മഹാനെ അവകാശിയാക്കിത്തീൎത്തത്.

അരുതരുതുവിരോധം ഭിന്നവൎഗ്ഗങ്ങളെല്ലാ-
മൊരുചരടിലിണക്കിക്കോൎത്ത പുഷ്പങ്ങളല്ലൊ
പൊരുളിതുതെളിവാക്കി,ക്കേരളത്തിൻെറ നന്മ-
ക്കൊരുമയൊടിനി യത്നംചെയ്യുവിൻ നാട്ടുകാരെ!

എന്ന് ഉപദേശിച്ച ആ വന്ദ്യഗുരുവിനോട് ആൎക്കെങ്കിലും വിരോധത്തിന്ന് അവകാശമുണ്ടോ?—

ശ്രീനാരായണഗുരുസ്വാമി ഒരു സമുദായത്തിൻേറയോ ഒരു രാജ്യത്തിൻേറയോ സ്വത്തല്ല. ലോകോപകാരാൎത്ഥം അവതാരംചെയ്തിട്ടുള്ള മഹാചാൎയ്യന്മാരിൽ സ്വാമികൾക്കും ഒരു പ്രത്യേകസ്ഥാനമുണ്ട്— ദൈവേച്ഛയാ ആ മഹാനെ ആരാധിക്കാനുള്ള ഭാഗ്യം കേരളീയൎക്ക് കിട്ടിയെന്നേ ഉള്ളൂ—സ്വാമികളുടെ മഹാസമാധികൊണ്ട് കേരളത്തിന്ന് വന്നിട്ടുള്ള നഷ്ടം അപരിഹാൎയ്യംതന്നെയാണ്. ക്ഷണഭംഗുരമായ ഈ ലോകത്തിൽ നമ്മുടെ ആശക്കും അളവ് വേണ്ടതാണല്ലൊ— ആ പുണ്യശ്ലോകൻെറ ആത്മാവ് നിത്യശാന്തിയടയട്ടെ!!—

II

"സമസ്തകേരളസാഹിത്യപരിഷത്ത്."

മേപ്പടി പരിഷത്തിനെ സംബന്ധിച്ച് ചില വിജ്ഞാപനങ്ങൾ ഞങ്ങൾ അന്യത്ര പ്രസിദ്ധംചെയ്തിട്ടുണ്ട്. അതിലേക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നതോടുകൂടി ധനസഹായത്തിന്നായി തത്ഭാരവാഹികൾ ചെയ്തിട്ടുള്ള അപേക്ഷയെ ഉപേക്ഷിക്കരുതെന്നും ഞങ്ങൾ അഭ്യൎത്ഥിച്ചുകൊള്ളുന്നു.

പരിഷത്തുകൊണ്ട് നമ്മുടെ ഭാഷക്കും കലകൾക്കും ഉണ്ടാകാവുന്ന പുഷ്ടിയെപ്പററി ഞങ്ങൾ ഇനിയൊരവസരത്തിൽ വിസ്തരിക്കുന്നതാണ്—പരിഷൽപ്രവൎത്തകന്മാരെ പലതരത്തിലും സഹായിക്കേണ്ടത് ഭാഷാഭിമാനികളുടേയും ദേശാഭിമാനികളുടേയും പ്രത്യേക കടമയാണെന്നുമാത്രം തല്ക്കാലം അവരെ ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു—

സി. എ. എം.

# സൎവ്വകലാശാലയും കച്ചവടവും.

"അണ്ണാമലസ്സൎവ്വകലാശാല":—ഇതിന്നിടെ മദിരാശി നിയമനിൎമ്മാണസഭയുടെ ആലോചനയ്ക്കു വിഷയീഭവിച്ചപ്പോൾ, ആ കലാശാലയിലെ പാഠ്യവിഷയങ്ങളിൽ "കച്ചവടം"കൂടെ ഉൾപ്പെടുത്തേണ്ടതാണെന്ന ഒരു അഭിപ്രായം ചിലർ പുറപ്പെടുവിച്ചുവെങ്കിലും അതു അധികജനസമ്മതമല്ലാഴ്കയാൽ തള്ളിപ്പോവുകയാണുണ്ടായത്. കച്ചവടം ഒരു ഉത്തമകലയല്ലെന്നുവെച്ചോ, അതു തൽക്കാലം ആവശ്യമില്ലെന്നുവെച്ചോ എന്തൊ, അണ്ണാമലചെട്ടിയാരും ഗവൎമ്മേണ്ടും നിയമസഭയിലെ അധികം അംഗങ്ങളും അതിനെ പരിത്യജിക്കുകയാണുണ്ടായതു്. ഇതു ഒന്നുകൊണ്ടും ഭംഗിയായിട്ടില്ല. സാധാരണ ഇന്ത്യൻ സൎവ്വകലാശാലകളുടേയും മദിരാശി സൎവ്വകലാശാലയുടേയും സ്ഥിതിതന്നെ ഒന്നു ആലോചിച്ചുനോക്കുക. ഈ കലാനിലയങ്ങൾ പ്രതിവത്സരം അനേ

കായിരം ബീയെക്കാരെ നിർമ്മിക്കുന്നുണ്ടെന്നുള്ളത് വാസ്തവമാണ്. എന്നാൽ ഭാരതഭൂമിയുടെ വളർച്ചക്കും, ഇതരരാജ്യങ്ങളെ അപേക്ഷിച്ചു അതിന്നുണ്ടാകേണ്ടുന്ന മാനത്തിന്നും ഐശ്വര്യത്തിന്നും ഉതകത്തക്ക ഉത്തമവ്യാപാരങ്ങളിൽ ഏർപ്പെട്ടു ഭാരതഭൂമിയുടെ സാമ്പത്തികസായൂജ്യത്തിന്നു പ്രയത്നിപ്പാൻ ഈ കലാനിലയങ്ങൾ ഒന്നുകൊണ്ടും സഹായിക്കുന്നില്ലതന്നെ. നേരെമറിച്ച്, ഇരുപത്തഞ്ചും മുപ്പതും വർഷങ്ങൾ ഭാരതീയയുവാക്കളെ എം. എ. ബി. എ. മുതലായ സ്ഥാനമാനങ്ങളെ കാട്ടിമയക്കി, അവരെ കാലാനുസൃതമായ വ്യാപാരങ്ങളിൽനിന്നു അകററിനിർത്തുകയാണ് സർവ്വകലാശാലകൾ ചെയ്യുന്നത്. സകലദേശീയരുടേയും ഉന്നതിക്ക് കാരണമായ കൈത്തൊഴിൽ കച്ചവടം മുതലായ വിഷയങ്ങളിൽ ഏർപ്പെടുവാൻ ഭാരതീയയുവാക്കൾക്കു മനസ്സുവരുന്നില്ലെങ്കിൽ അതിന്നു ഏകകാരണം ഇന്നത്തെ സർവ്വകലാശാലകളാണ്. ഇങ്ങിനെയുള്ള ദ്രോഹം ഇതുവരെയും ഇന്നും ഉള്ള യുവാക്കൾ അനുഭവിച്ചുകഴിഞ്ഞു. ഇപ്പോൾ ബി. എ. ഡിഗ്രിക്കൊ ബീയെക്കാർക്കൊ യാതൊരു വിലയുമില്ലാതായി. പത്തുറുപ്പികക്കുപോലുമുള്ള ഉദ്യോഗം അവർക്കു കിട്ടാതെ അവർ അലഞ്ഞുതിരിയുവാനും, നിരാശാപരവശന്മാരായ ഈ യുവാക്കൾ തന്നിമിത്തം ഗവർമ്മേണ്ടിൻെറ നേരെതന്നെ എതിർപ്പാനും ഇടയാക്കുന്നതും ഈ കലാശാലകൾതന്നെയാണ്. പേനത്തുമ്പിൻെറ വിളയാട്ടത്താൽ മാനം നേടി, ഗവർണ്ണരോടു ഡിപ്ലോമാവാങ്ങിയ ആ കരപ്പയംകൊണ്ട് കൊടിലും കൊടാലിയും പിടിപ്പാൻ ലജ്ജിക്കുന്ന ഭാരതീയ യുവാക്കളെക്കൊണ്ടു മാതൃഭൂമിക്കു യാതൊരു ഉപകാരവുമില്ലെങ്കിൽ ആ കുററവും കലാശാലക്കലവറയിൽതന്നെ നിക്ഷേപിക്കുവാനെ തരമുള്ളൂ. എന്നിനേറെ, ഇന്നത്തെ കലാശാലകൾ ഭാരതഭൂമിക്കു ഉപകാരം ചെയ്യുന്നതിൽ പതിന്മടങ്ങു അപകാരമാണ് ചെയ്യുന്നത്. ഇതെല്ലാം അറിഞ്ഞുംകൊണ്ട് നമ്മുടെ പ്രതിനിധികൾ കച്ചവടം മുതലായ വിഷയങ്ങളുടെ നേരെ കാണിച്ചുവരുന്ന അനാസ്ഥ അതിശയനീയംതന്നെയാണ്. ഒരു രാജ്യത്തിൻെറ അഭിവൃദ്ധിക്കു കൈത്തൊഴിലും കച്ചവടവുമാണ് സർവ്വോപരി സഹായിക്കുന്നത്. ബ്രിട്ടൻ ഭാരതഭൂമിയെ അടക്കി ഭരിപ്പാൻ കാരണമായത് ഒരു കച്ചവടസംഘത്തിൻെറ പ്രവേശനത്തോടുകൂടിയാണെന്ന കഥ നമ്മുടെ നിയമസഭാംഗങ്ങൾ വിസ്മരിച്ചിരിക്കയില്ല. ബ്രിട്ടീഷുസാമ്രാജ്യത്തിൻെറ ഉൽപത്തിയെ ചുരുക്കമായി പ്രസ്താവിക്കേണമെങ്കിൽ അതു "കച്ചവടം" എന്ന നാലക്ഷരംകൊണ്ടു കഴിക്കാം. ജപ്പാൻെറയും അമേരിക്കയുടെയും ഇന്നത്തെ സ്ഥിതിക്ക് ഏകകാരണം കച്ചവടം ഒന്നു മാത്രമാണ്. കൈത്തൊഴിലും കച്ചവടവും എന്നു ഭാരതീയരുടെ പ്രഥമനിരീക്ഷണത്തിന്നു പാത്രീഭവിക്കുന്നുവൊ അന്നുമാത്രമേ നമ്മുടെ മാതൃഭൂമിക്കു സായൂജ്യമുള്ളൂ.

കഴിഞ്ഞതുകഴിഞ്ഞു. അണ്ണാമല സർവ്വകലാശാല സുസ്ഥാപിതവുമായി. ചിദംബരത്തു കച്ചവടം പഠിപ്പിക്കുവാൻ വേണ്ട സൌകര്യ്യം ഇല്ലെന്നുള്ള ന്യായം വിഗണിക്കുവാനും തരമില്ല. കേരളത്തിൽ ഒരു കലാശാല സ്ഥാപിക്കേണമെന്നു മോഹം നമുക്കെല്ലാമുണ്ടല്ലൊ. അതിന്നു ഏതാനും ആലോചനകൾ മുമ്പു നടന്നതും, ഇയ്യിടെ സർവ്വകലാശാലാപരീക്ഷകസംഘം ഇതിനെപ്പററിത്തന്നെ വീണ്ടും ആലോചനകൾ നടത്തിയതും വായനക്കാർ ഓർക്കുന്നുണ്ടായിരിക്കുമല്ലൊ. കേരളത്തിലെ സർവ്വകലാശാല ഏതുരീതിയിലുള്ളതായിരിക്കേണമെന്നു ഇപ്പോൾ പ്രസ്താവിക്കുന്നില്ല. കച്ചവടവും കൈത്തൊഴിലും നമ്മുടെ പ്രഥമശ്രദ്ധയെ ആകർഷിക്കേണ്ടതുകൊണ്ടും, അവ ഒരു രാജ്യത്തിന്നുചെയ്യുന്ന ഗുണഗണങ്ങളെ നാം വിസ്മരിച്ചിട്ടില്ലാത്തതുകൊണ്ടും, നമ്മുടെ കലാശാലയിലെങ്കിലും കച്ചവടത്തിന്നു ഒരു പ്രഥമസ്ഥാനം കൊടുത്തെ കഴിയൂ എന്നു് വന്നിരിക്കുന്നു. ഉദ്യോഗവിഹീനരായ കേരളീയ ബി. ഏ. കാരുടെ സംഖ്യ ചെറുതല്ല. ഈ ശോചനീയസ്ഥിതിക്കുള്ള ഒരേ ഒരു പരിഹാരം കേരളീയയുവാക്കളെ കൈത്തൊഴിലിലും കച്ചവടത്തിലും തിരിച്ചുവിടുകയാണ്. അതിന്നു ഈ വിഷയങ്ങളെ പഠിപ്പിക്കുന്ന ഒരു കലാശാല കേരളത്തിൽ സ്ഥാപിച്ചുവെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. ഒരേവിഷയങ്ങൾ പഠിപ്പിക്കുന്ന കലാശാലകൾ വർദ്ധിപ്പിച്ചതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതു് എന്ന ഗവർമ്മേണ്ടിൻെറ ന്യായത്തിന്നും ഇതു ഒരു സമാധാനമായിത്തീരും. കൈത്തൊഴിൽ, കൃഷി, കച്ചവടം, നാവികശാസ്ത്രം, വ്യോമയാനശാസ്ത്രം, മുതലായവക്കായിത്തന്നെ ഒരു കലാശാല കേരളത്തിൽ സ്ഥാപിക്കുന്നതു് കേരളത്തിന്നു മാത്രമല്ല, ഇന്ത്യക്കു് ഒട്ടാകെ ഒരനുഗ്രഹമായിത്തീരും. അതുകൊണ്ടു ഇന്ത്യാഗവർമ്മേണ്ടിൻെറ വകയായുള്ള ധനസഹായത്തെ പ്രതീക്ഷിക്കാവുന്നതുമാണ്. കോയമ്പത്തൂരുള്ള കൃഷി കോളേജും, ഫോറസ്റ്റ് (കാടു) കോളേജും ഇതിൻെറ അധികാരത്തിൽ പെടുത്താവുന്നതാണ്. കൊച്ചി തുറമുഖത്തിൻെറ പണി പൂർത്തിയാവുന്നതോടുകൂടി കൊച്ചിയും കേരളമാസകലവും കച്ചവടകാര്യത്തിൽ ഒന്നു ഉണരുന്നതാണ്. അതോടുകൂടിത്തന്നെ കച്ചവടം, നാവികശാസ്ത്രം, കപ്പൽനിർമ്മാണം, സാമ്പത്തികശാസ്ത്രം, ധനവ്യാപാരശാസ്ത്രം മുതലായ വിഷയങ്ങളെ പഠിപ്പാൻ ജനങ്ങൾക്കു കൌതുകം വർദ്ധിക്കുകയും, അവയെ പഠിപ്പിപ്പാൻ സൌകര്യ്യം കൂടുതൽ ഉണ്ടാവുകയും ചെയ്യുന്നതാണല്ലൊ. ബോമ്പായിപട്ടണത്തിന്നുള്ള പ്രാധാന്യത കൊച്ചിക്കും കേരളത്തിന്നും അചിരേണ ഉണ്ടാകുവാൻ ഒരു ഉത്തമമാർഗ്ഗം, കൃഷി കൈത്തൊഴിൽ, കച്ചവടം എന്നിവകളെ മുൻനിർത്തിക്കൊണ്ടൊ അവയ്ക്കു മാത്രമായൊ കേരളത്തിൽ ഉടനെ ഒരു കലാശാല സ്ഥാപിക്കുകയാണ്. ഭാരതീയ യുവാക്കളുടെ ഇടയിലുള്ള ക്ഷോഭത്തി

ന്നു ഒരു ശമനം അവരെ അങ്ങിനെയുള്ള ഒരു കലാശാലയിലേക്കു ആനയിക്കുന്നതുകൊണ്ടു മാത്രമേ സിദ്ധിക്കുകയുള്ളൂ. ഇതരരാജ്യങ്ങൾക്കെന്നപോലെ ഇന്ത്യക്കും ഐശ്വൎയ്യത്തിന്നുള്ള രാജപാഥ കൈത്തൊഴിൽ കച്ചവടം മുതലായവകൾ പഠിപ്പിപ്പാനുള്ള വിദ്യാലയങ്ങളുടെ മദ്ധ്യത്തിൽക്കൂടിയാണ്. നമ്മുടെ നിയമനിൎമ്മാണാംഗങ്ങൾ ഇതിൽ ശ്രദ്ധിക്കുന്നതായാൽ അതു അത്ര പ്രയാസമുള്ള ഒരു കാൎയ്യവുമല്ല. അവർ ഇനിയെങ്കിലും ഇക്കാൎയ്യത്തിൽ വല്ലതും പ്രവൃത്തിക്കുമെന്നുതന്നെ പ്രതീക്ഷിക്കട്ടെ !!

കെ. വി.

# വിജ്ഞാനസൌധം.

പ്രസവം:—ഇസ്റ്റാലിയായിലെ ഒരു സ്ത്രീ ആറു കുട്ടികളെ ഒരുമിച്ചു പ്രസവിച്ചിരിക്കുന്നു നാലാണും രണ്ടു പെണ്ണും. എല്ലാ കുട്ടികളും സുഖമായിരിക്കുന്നുണ്ട്. ഇത് ഒരു പരമാവധിയാണെന്ന് ആരും വിചാരിച്ചുപോകരുത്. ഒരേ സമയത്ത് സ്ത്രീകൾ ഏഴുവരെ പെററതായി അറിവുണ്ട്. ആ പ്രസവത്തിൽ ഒരു കുട്ടി മാത്രമെ ജീവിച്ചിരുന്നുള്ളൂ. പണ്ഡിതന്മാരുടെ അറിവിൽപെട്ടതായിട്ട് ഒന്നിച്ചാറു കുട്ടികളുടെ പ്രസവം ഇതിന്നുമുമ്പ് അഞ്ചുപ്രാവശ്യം ഉണ്ടായിട്ടുണ്ടത്രെ. രണ്ടും മൂന്നും പ്രസവിച്ചുകാണുമ്പോൾ ആഫ്രിക്കയിലെ കാപ്പിരികൾക്ക് പല മൂഢവിശ്വാസവും ഉണ്ടാകാറുണ്ട്. ഫിലിപ്പൈൻ ദ്വീപുകാർ ഇരട്ടപെററ കുട്ടികളെ കാണുന്നത് വലിയ ഭാഗ്യമായിക്കരുതുന്നു. എന്നാൽ മൂന്നെണ്ണം ഒന്നിച്ചു ജനിച്ചാൽ ഒന്നിനെ അവർ ശ്വാസംമുട്ടിച്ചു കൊന്നുകളയുന്നു. ഒന്നിലേറെയുള്ള പ്രസവം ഒരിക്കൽ കഴിഞ്ഞ സ്ത്രീക്ക് ആ മാതിരി പ്രസവം ആവൎത്തിക്കുവാനും ഇടയുണ്ട്. ഇരട്ടപ്രസവം നാം വിചാരിക്കുന്നതിലും അധികംപ്രാവശ്യം ഭൂമിയിൽ ഉണ്ടാകാറുണ്ട്. കണക്കെടുത്തുനോക്കിയാൽ നൂറു പ്രസവത്തിൽ ഒരു പ്രസവം ഇരട്ടയായിരിക്കും. ഇരട്ടപെററ കുട്ടികളെപ്പററി വളരെ ആൾക്ക് നിശ്ചയമില്ലാത്ത ഒരു പരമാൎത്ഥം ഞാൻ ഇവിടെ പറയാം. നാം കണ്ണാടിനോക്കുമ്പോൾ അതിൽ കാണുന്ന നമ്മുടെ ബിംബം, ഇടവും വലവും മറച്ചായിട്ടേ ഇരിക്കുകയുള്ളൂ. അതുപോലെ ഇരട്ടപെററ ഒരു കുട്ടിയുടെ കണ്ണാടിയിലെ രൂപംപോലെയാണ് മറേറ കുട്ടിയുടെ രൂപം.

പാമ്പ്:—പാമ്പിനെ സംബന്ധിച്ചേടത്തോളം തിരുവിതാങ്കൂർ ഒരു വിശേഷവിധിയുള്ള രാജ്യമാണെന്നു തോന്നുന്നു. ഇയ്യിടെ അവിടെ വെച്ചു ഒരു വലിയ മുള കീറുമ്പോൾ, ഒരു അംശത്തിൽ 12 പാമ്പുകളും

12 മുട്ടകളും കണ്ടിരിക്കുന്നു. ഒരംശം എന്നുവെച്ചാൽ രണ്ടു കമ്പിന്റെ ഇടയിലെ കുഴൽപോലെയുള്ള ഒഴിഞ്ഞ സ്ഥലവും അതിന്റെ അതിരായി നില്ക്കുന്ന മുളയുമാണ്. പാമ്പിന്റെ തല സാമാന്യം തടിച്ചിട്ടായിരുന്നുപോലും. മുള നല്ലവണ്ണം പരിശോധിച്ചുനോക്കിയതിൽ മുളക്ക് ഒരു ചെറിയ കീറുണ്ടായിരുന്നു. ഒരു മൂർച്ചയുള്ള കത്തിയുടെ വായ്ത്തലപോലും അതിൽ കൊള്ളുകയില്ല. പിന്നെ കണ്ടത് ഒരു കടുകിന്മണിയോളം പോരുന്ന ഒരു ചെറിയ തുള മാത്രമാണ്. ഇതിൽ രണ്ട് വലിയ അത്ഭുതമാണ് നമുക്ക് തോന്നാനിടയുള്ളത്. തള്ളപ്പാമ്പ് എങ്ങിനെ ഇതിൽ പ്രവേശിച്ച് മുട്ടയിട്ടു? മുട്ടയിൽനിന്ന് വിരിയുന്ന പാമ്പുകൾ അന്യസഹായംകൂടാതെ എങ്ങിനെ പുറത്തുപോരും? ഒരുസമയം പാമ്പുകൾ വലുതാകുമ്പോൾ അവയുടെ വണ്ണംകൊണ്ട് മുള കീറിപ്പോവാൻ മതി. ആഹാരമില്ലാതെ പാമ്പുകൾ എങ്ങിനെ വണ്ണം വെക്കും?

രക്തവണ്ണം:—കുളമ്പിന്റെ സമീപത്തുവെച്ചു ഒരു അത്ഭുതസംഭവം നടന്നു. ഒരു പാപ്പാൻ ഒരു ചെറിയ പുഴയിൽനിന്ന് ഒരു ആനയെ കുളിപ്പിക്കുകയായിരുന്നു. ആനക്കു പെട്ടെന്നു മദംപൊട്ടി, ആ കോപത്തിനു പാപ്പാനെ പിടിപ്പാൻ നോക്കി. ആ ഉരുസലിൽ പാപ്പാന്റെ തലയിൽ കെട്ടിയിരുന്ന ചുകന്ന ഉറുമാൽ നിലത്തുവീണു. ഈ സംഗതികൊണ്ടു് പാപ്പാനു രക്ഷകിട്ടി. ആന പാപ്പാനെയും വിട്ടു ആ ഉറുമാൽ കഠിനമായി കുത്താൻ തുടങ്ങി. പാപ്പാൻ ആനയുടെ പുറത്തേറി. ആറ് മണിക്കൂർ നേരത്തോളം ആന അവനെ തള്ളിയിടാൻ ശ്രമിച്ചു. ആനക്കു സാധിച്ചില്ല. ഒടുവിൽ മറെറാരു പാപ്പാനും ഒരു പുരുഷാരവും കൂടി ആനയുടെ കാൽ ചങ്ങലക്കിട്ട് അതിന്റെ മദം ശമിപ്പിച്ചു. ചുകപ്പുനിറം ചില ജന്തുക്കൾക്ക് എന്തെന്നറിയാത്ത കോപമാണുണ്ടാക്കുന്നത്. കാളകൾ ചുകപ്പുവണ്ണം ധരിച്ച ആളുകളെ കുത്താതിരിക്കില്ല. ജീവനില്ലാത്തവിധത്തിൽ കിടന്നിരുന്ന കൂട്ടിലിട്ട ഒരു സർപ്പം ഒരു ചുകന്ന തലപ്പാവുകാരൻ അടുത്തുവന്നപ്പോൾ പെട്ടെന്നു ഉണർന്നു പടവും വിരിച്ചു അവനെ നോക്കി കലശലായി ഊതുന്നത് മദിരാശി മ്യൂസിയത്തിൽ വെച്ചു ഞാൻ കണ്ടിരുന്നു.

കടലാസ്:—ഹേർ ഫ്രോ ഫ്രാൻക് എന്ന ഒരു ജർമ്മൻകാരൻ തീയിലിട്ടാൽ കത്തിപ്പോകാത്ത ഒരു പ്രത്യേകവിധം കടലാസ് ഉണ്ടാക്കീട്ടുണ്ടത്രെ. ഇതിലും വലിയ ഉപകാരം ചിതലും പ്രാണിയും ബാധിക്കാത്ത ഒരുതരം കടലാസ് കണ്ടുപിടിക്കുന്നതായിരുന്നു.

സ്പന്ദനം:—വിദ്യുച്ഛക്തിമൂലം ഉളവാകുന്ന സ്പന്ദനംകൊണ്ടു് ദൂരെ ഇരിക്കുന്ന ജീവികളെ കൊല്ലാമെന്നുകാണുന്നു. മലത്തിവെച്ച ഒരു

കിണ്ണത്തിന്മേൽ ചെറുതായൊന്ന് അടിച്ചാൽ അതു മുഴങ്ങുന്നത് അതിൻെറ വക്ക് സ്ഥന്ദിക്കുന്നതുകൊണ്ടാണ്. ഈ മാതിരി സ്പന്ദനത്തിന്ന് ജന്തുക്കളുടെ ജീവൻ കെടുത്തുവാൻ ശക്തിയുണ്ടാകുമെന്ന ഇതുവരെ ആരും ആലോചിച്ചിരുന്നില്ല. വല്ലകാരണംകൊണ്ടും മരിക്കാറായ കോഴിക്കുഞ്ഞുങ്ങളെ ഒരു കിണ്ണംകൊണ്ടു മൂടി ആ കിണ്ണത്തിന്മേൽ കുറേനേരം മുട്ടിയാൽ അതിന്ന ഒരു പുതിയജീവൻ വെക്കുന്നതു ഞാൻ കണ്ടിരുന്നു. ഒരു സമയം മിതമായ സ്ഥന്ദനം ജീവൻ കൊണ്ടുവരികയും അമിതമായത് ജീവൻ പോക്കുകയും ചെയ്യുന്നതായിരിക്കും. അഗ്നികൂടാതെ മനുഷ്യക്ക് ജീവിക്കാൻ സാധിക്കയില്ല. അഗ്നി ജാസ്തിയായാൽ മനുഷ്യൻ ദഹിച്ചുപോകുന്നു. ആകാശത്തിൻെറ സ്ഥന്ദനമാണ് വെളിച്ചം. വായുവിൻെറ സ്ഥന്ദനമാണ് ശബ്ദം. പദാൎത്ഥങ്ങളുടെ അണുക്കളുടെ ശീഘ്രതരസ്ഥന്ദനമാകുന്നു അഗ്നി. വിദ്യുച്ഛക്തിയുംകൂടി വെറും സ്ഫന്ദനമാണ്. അതുകൊണ്ട് സ്ഫന്ദനത്തിന്ന ശക്തിയില്ലെന്നുവന്നുകൂട.

മറതി:—ലിവർപ്പൂൾ മുൻസിപ്പാലിട്ടിയിലെ കാന്തവണ്ടികളിൽ കഴിഞ്ഞകൊല്ലം മറതികൊണ്ട് ഇട്ടേച്ചുപോയ സാധനങ്ങളുടെ സംഖ്യ അമ്പത്തേഴായിരത്തിരുന്നൂററിത്തൊണ്ണൂററിനാലായിരുന്നു. ഇതിൽ 9832 പെണ്ണുങ്ങളുടെ കുടകൾ മാത്രമായിരുന്നു. 3218 പണസ്സഞ്ചികളിൽ 1530 പവനും ഉണ്ടായിരുന്നു. ഈ സഞ്ചികളും സ്ത്രീകളുടേതായിരുന്നു. 595 കൈലേസും 9877 കയ്യുറയും 372 ചീപ്പും 1757 ചില്ലറ ആഭരണങ്ങളും ഈ കൂട്ടത്തിൽ പെട്ടിരുന്നു. 42 ചെറിയ കെമറകളും (ചിത്രമെടുക്കുന്ന യന്ത്രം) 37 ചെറിയ ഘടികാരങ്ങളും കൂടി ഉണ്ടായിരുന്നു. "ചപലതേ നിൻെറ പേർ പെണ്ണ് എന്നാണ്" എന്ന് പണ്ട് ഷേക്സ്പിയർ പറഞ്ഞതിനെക്കാൾ "മറതിയുടെ മറെറാരുപേർ മാനിനി എന്നാണ്" എന്നു പറയുന്നതാണ് ശരി.

കുഷ്ഠം:—ഡോക്ടർ സ്സൈക്കർ കുഷ്ഠം പകൎച്ചവ്യാധി അല്ലെന്നും അത് ഭേദപ്പെടുത്തുവാൻ സാധിക്കും എന്ന അഭിപ്രായക്കാരനാണ്. കുലക്കേസ് നടത്തി തൂക്കാൻ വിധിക്കപ്പെട്ട കിർസ്ടൺ എന്ന ഒരാൾ പരിശോധനക്ക് തൻെറശരീരം വെച്ചുകൊടുപ്പാൻ ഏററിരിക്കുന്നു. കുഷ്ഠമുള്ളവരുടെ ദേഹത്തിൽനിന്ന് എടുത്തു ശുദ്ധിയാക്കിയ ഒരുവക ദ്രാവകം കുത്തിവെച്ചിട്ടാണ് ഡോക്ടർ സ്സൈക്കർ കുഷ്ഠരോഗം ഭേദപ്പെടുത്തുവാൻ ശ്രമിക്കുന്നതു്.

കൊഞ്ചൻ അല്ലെങ്കിൽ ചെമ്മീൻ:—കൊളമ്പിൽ വേട്ട് എന്ന സ്ഥലത്തിലെ ഒരു ഹോട്ടലിൽനിന്ന് ചെമ്മീൻകറി തിന്നിട്ട് ആറാളുകൾ മരിച്ചുപോയിരിക്കുന്നു. മൂന്നു ദിവസത്തിന്നുള്ളിലാണ് തിന്നവർ മരിച്ചുപോയത്. ലക്ഷണം, വയററിൽനിന്ന് ഒരു അസഹ്യതയും വേ

ദനയും പുറപ്പെടുന്നതാണ്. കറി ഉണ്ടാക്കിയ ആൾ ഇപ്പോൾ ബന്തോവസ്സിലാണത്രെ. കടുക്ക് മുരു മുതലായ ഇരത്തിൽ കുടികൊള്ളുന്ന ജന്തുക്കളുടെ മാംസങ്ങളും ചിലപ്പോൾ വയററിൽവേദനക്കും അതിസാരത്തിന്നും കാരണമാകാറുണ്ട്. എന്നാൽ ഇതുവരെ അത് തിന്നിട്ട് ആരും മരിച്ചുപോയിരുന്നില്ല.

പണ്ഡിതർ ഒലിവർലോഡ്ജ്:—ജ്യോതിശ്ശാസ്ത്രസംബന്ധമായി ഇദ്ദേഹം പുറത്തിറക്കുന്ന ചില ഊഹങ്ങൾ ആരേയും ഭയപ്പെടുത്തുന്നവയാകുന്നു. ചന്ദ്രൻ ഭൂമിയുടെ ഒരു കഷണമാണെന്നാണ് ഇദ്ദേഹം അഭിപ്രായപ്പെടുന്നത്. അത് പൊട്ടിയത് ശാന്തസമുദ്രം നില്ക്കുന്ന ഭാഗത്തിൽനിന്നാണത്രെപോലും. ഭൂമിയിൽ ഉണ്ടാകുന്ന ഏററയിറക്കം എന്ന മാററങ്ങൾകൊണ്ട് ചന്ദ്രൻെറ പരിവത്തനവേഗതക്ക് ക്ഷയംനേരിടുന്നു. തന്നിമിത്തം ദിവസംതോറും ചന്ദ്രൻ ഭൂമിക്ക് അടുത്തടുത്തു വരുന്നു. അതുകൊണ്ട് കണക്കകൂട്ടി നോക്കിയപ്പോൾ പത്തുലക്ഷം കൊല്ലത്തിനുള്ളിൽ ചന്ദ്രൻ ഭൂമിയിൽ വീണുപോകുമെന്നു കണ്ടിരിക്കുന്നു. അന്ന് ഭൂമിയിൽ പിന്നെ ജന്തുക്കളൊന്നും ബാക്കിയുണ്ടാകുന്നതല്ല. എന്നാൽ ചൊവ്വക്കാണ് അപായം അത്യന്തം ആസന്നമായിട്ടുള്ളത്. ആയിരം കൊല്ലത്തിനുള്ളിൽ ചൊവ്വയെ ചുററിക്കൊണ്ടിരിക്കുന്ന രണ്ടു ചന്ദ്രന്മാരിൽ ഒന്നു ചൊവ്വാഗ്രഹത്തിൽ വീഴവാനിടയുണ്ടെന്ന് ഇദ്ദേഹം ശങ്കിക്കുന്നു. അക്കാലത്ത് ഭൂമിയിലുണ്ടാകുന്നവക്ക് ഇതൊരു കാഴ്ചതന്നെ ആയിരിക്കണം.

പലതരം പന്തയം:—പെണ്ണുങ്ങളെ സംബന്ധിച്ചും പലതരം പന്തയങ്ങൾ നടക്കുന്നുണ്ട്. കല്പിച്ചുകൂടാത്ത വിധത്തിൽ പല പെണ്ണുങ്ങൾക്കും സീമയില്ലാത്ത പണം കിട്ടിപ്പോയിട്ടുണ്ട്. നീളമുള്ള മുടിക്ക് ഒരു വലിയ സമ്മാനം ഇയ്യിടെ ഇംഗ്ലീഷ്കാർ കൊടുത്തു. നടികളിൽ വെച്ച് ഏററവും സൌന്ദര്യമുള്ളവൾക്കും ഒരു വലിയ സമ്മാനം കിട്ടി. ബോമ്പായിലെ കൂട്ടർ നല്ല കാലുള്ള പെണ്ണിന്ന് വലിയ ഒരു സമ്മാനം കൊടുത്തു. അമേരിക്കക്കാർ ഇവർ എല്ലാവരേയും ഒന്നു കടത്തി, ഇയ്യിടെ അവർ ഒരു പന്തയം നടത്തിയത് ചുംബിക്കാൻ ഏററവും ആകർഷിക്കുന്ന അധരമുള്ള പെണ്ണ് ഏതെന്നായിരുന്നു. ആ പെണ്ണ് ബ്രോഡ്വെയിലെ ഒരു യുവതിയായിരുന്നു അത്രെ.

രാജവംശക്കാർക്ക് മാസ്സപ്പടി:—വിക്ടോറിയ രാജ്ഞിക്ക് മൂന്നുലക്ഷത്തെണ്ണൂത്തയ്യായിരം പവനാണ് കൊല്ലംതോറും കൊടുത്തുവന്നിരുന്നത്. അലക്സാന്ത്രാ റാണിക്ക് നാലുലക്ഷത്തെഴുപതിനായിരം പവൻ കൊടുത്തിരുന്നു. അഞ്ചാം ജോർജ്ജിന്നും ഇപ്പോൾ അങ്ങിനെതന്നെ ഒരു തുക കിട്ടിവരുന്നുണ്ട്. വെയിൽസ് രാജകുമാരന്ന് ഏണ്ണൂത്തേഴായിരം പവ

നാണ് ഒരു കൊല്ലത്തിൽ കിട്ടുന്നത്. അഞ്ചാംജോർജ്ജിൻെറ ഇളയപ്പനു് (7-ാം എഡ്‌വെർഡിൻെറ അനുജനു്) കൊല്ലത്തിൽ ഇരുപത്തയ്യായിരം പവൻ മാത്രമെ കിട്ടിവരുന്നുള്ളൂ.

ആട്:—മനുഷ്യനു് വളരെ ഉപകാരമുള്ള ജന്തുക്കളിൽ ഒന്നാണ് ആട്. അതിൻെറ രോമംകൊണ്ട് കമ്പിളി ഉണ്ടാക്കുന്നു. അതിൻെറ തോൽ ചെരിപ്പ് മുതലായതുണ്ടാക്കാൻ ഉപയോഗിക്കുന്നു. അതിൻെറ മാംസം ആഹാരമായുപയോഗിക്കുന്നു. അതിൻെറ പാൽ പശുവിൻപാലെക്കാരം കട്ടിയുള്ളതാകകൊണ്ട് വെണ്ണയും പാൽക്കട്ടിയും ഉണ്ടാക്കാൻ അസ്സലാണെന്ന് കണ്ടിരിക്കുന്നു. അതിൻെറ കൊമ്പും, കുടുക്കു, പൊടിഅളുക്ക് മുതലായ പല സാമാനങ്ങളും ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. ഒരാട്ട് പതിനഞ്ചു വയസ്സുവരെ ജീവിക്കും. മാംസത്തിന്നു് രുചി വേണമെങ്കിൽ രണ്ടു മൂന്നു വയസ്സുള്ളതിൻെറ മാംസം എടുക്കണം. ഒരു ആട്ടിൻെറ രോമം കൊല്ലത്തിൽ ഓരോ പ്രാവശ്യം വെട്ടിയെടുക്കാം. ചില സമയത്ത് വെട്ടിയെടുക്കുന്ന രോമം ഏഴെട്ടു റാത്തൽ ഘനമുണ്ടാകും.

# നവരാത്രിയും ശ്രീരാമകൃഷ്ണാശ്രമവും.

ഇവിടെ ഒററപ്പാലത്തിന്നടുത്ത് പാലപ്പുറത്ത് സ്ഥാപിച്ചിട്ടുള്ള ശ്രീരാമകൃഷ്ണനിരഞ്ജനാശ്രമത്തിൽവെച്ച് തൽപ്രവർത്തകന്മാർ ഇക്കൊല്ലത്തെ നവരാത്രിപുണ്യകാലം സവിശേഷം കൊണ്ടാടിയിരിക്കുന്നു. ഭാരതത്തിലെ സനാതനധർമ്മസ്ഥന്മാർക്കെല്ലാം ഒട്ടാകെയുള്ള മഹോത്സവകാലമാണല്ലോ നവരാത്രി. ഈശ്വരഭക്തിയെ പുരസ്കരിച്ചുകൊണ്ടല്ലാത്ത ഉത്സവമേതും സനാതനക്കില്ല. അങ്ങിനെയുള്ള ഉത്സവങ്ങളാവട്ടെ ഇന്ദ്രിയഗ്രാമത്തിന്നെന്നപോലെ ആത്മാവിന്നും തോഷണവും പോഷണവുമാണ്. എന്നാൽ പാശ്ചാത്യസംസ്കാരത്തിൻെറ പ്രവാഹത്തിൽപ്പെട്ട് സനാതനധർമ്മസ്ഥർ ആത്മാവിനെ വിസ്മരിച്ച് ഇന്ദ്രിയഗ്രാമത്തിന്നു് കേവലം വശഗരായി അധോമുഖമായിട്ടാണ് ഇപ്പോൾ ഒഴുകിത്തുടങ്ങിയിരിക്കുന്നതു്. ഈ വിഗതിയിൽനിന്നു് അവരെ രക്ഷിക്കുവാനാണ് ലോകസുഖകാംക്ഷികളായ മഹാന്മാർ തീവ്രയത്നം ചെയ്യേണ്ടിയിരിക്കുന്നതു്. അങ്ങിനെയുള്ള വിശിഷ്ടോദ്യമത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണല്ലോ രാമകൃഷ്ണമിഷ്യൻകാർ. ആ മിഷ്യൻെറ ശാഖയായ നിരഞ്ജനാശ്രമം ജനങ്ങളുടെ ഗതിയെ സുപഥത്തിലേക്ക് തിരിക്കുമാറ് ആത്മപ്രബോധനമായി ഉത്തമകർമ്മങ്ങൾ നിർവ്വഹിച്ചുകാണുന്നതിൽ അത്ഭുതമില്ല. തൽപ്രവർത്തകന്മാർ ഇക്കൊല്ലംമുതൽ സവിശേഷം ആരംഭിച്ചിരിക്കുന്ന നവരാത്രിപൂജ ജനങ്ങൾക്ക് ഭക്തിവർദ്ധകമായ പ്രശസ്തകർമ്മമായിട്ടുണ്ട്. ആ ഒമ്പതു ദിവസവും പ്രസ്തുത ആശ്രമത്തിൽ ഭക്തന്മാ

ന്മാരെക്കൊണ്ടു് നിറഞ്ഞിരുന്നു. പൂജ, സ്തോത്രം, അന്നദാനം എന്നിവ ഉദാരമായിത്തന്നെ അവിടെ നടത്തീട്ടുണ്ടു്. ഇങ്ങിനെയുള്ള സൽകർമ്മങ്ങൾ കണ്ടും കൊണ്ടും സനാതനസ്ഥരുടെ ഗതി ഒരിക്കൽക്കൂടി ആത്മഉൾനോന്മുഖമായിത്തീരട്ടെ.

---

# അന്യസഹജീവികൾ.

## "ശ്രീനാരായണഗുരുസ്വാമികൾ"

### ജീവചരിത്രസംക്ഷേപം.

ശ്രീനാരായണഗുരുസ്വാമികൾ 1032-ാമാണ്ടു് ചിങ്ങമാസത്തിലെ ചതയനക്ഷത്രത്തിൽ തിരുവനന്തപുരത്തുനിന്നു മൂന്നുനാലു നാഴിക വടക്കു് ചെമ്പഴന്തി എന്ന സ്ഥലത്തുള്ള ഒരു മാന്യ ഈഴവകുടുംബത്തിൽ ജനിച്ചു. അച്ഛൻ ഒരു ആശാനും, അമ്മാമൻ ഒരു വൈദ്യനും ആയിരുന്നു. സ്വാമിയെ എഴുത്തിനിരുത്തിയതു് ചെമ്പഴന്തിപ്പിള്ളമാരുടെ തറവാട്ടിൽ കാരണവനായ ഒരു ജ്യോത്സ്യനായിരുന്നു. ബാലപാഠങ്ങൾ കഴിഞ്ഞശേഷം ഒന്നും പഠിക്കാൻ സ്വദേശത്തു തരമില്ലാതെ സ്വാമി അധികകാലം കഴിച്ചുകൂട്ടേണ്ടിവന്നു. പിന്നെ53-ാമാണ്ടിടയ്ക്കു് (21-ാമത്തെ വയസ്സിൽ) പുതുപ്പള്ളിൽ രാമൻപിള്ള ആശാൻ അവർകളുടെ അടുക്കൽ പോയി സംസ്കൃതം പഠിച്ചു. രണ്ടുമൂന്നുകൊല്ലം കഴിഞ്ഞു് സ്വദേശത്തു മടങ്ങിവന്നു കുറെക്കാലം കുട്ടികളെ വായിപ്പിച്ചു താമസിച്ചു. സ്വാമി തമിഴിലും പാണ്ഡിത്യം സമ്പാദിച്ചിരുന്നു. സംസ്കൃതം, തമിഴ് മലയാളം ഈ മൂന്നുഭാഷകളിലും സ്വാമി ഒരു നല്ല കവിയുമായിരുന്നു. ബാല്യം മുതൽതന്നെ സ്വാമി വലിയ ഈശ്വരഭക്തനായിരുന്നു. അച്ഛനമ്മമാരും മററും നിർബന്ധിച്ചു സ്വാമിയെക്കൊണ്ടു വിവാഹം കഴിപ്പിച്ചിരുന്നുവെങ്കിലും അദ്ദേഹം കുടുംബിയായി താമസിച്ചിട്ടില്ലെന്നാണറിയുന്നതു്. മുപ്പതാമത്തെ വയസ്സിൽ (1062-ൽ) അച്ഛനമ്മമാരുടെ മരണശേഷം സ്വാമി സ്വഗൃഹത്തിലെ താമസം അശേഷം വിട്ടു മതസംബന്ധമായ അഭ്യാസങ്ങൾ ചെയ്തുകൊണ്ടു് അടുത്തും അകലെയുമുള്ള പല സ്ഥലങ്ങളിലും പല മഹാത്മാക്കളെയും സന്ദർശിച്ചും പലരുടേയും ഉപദേശം ഗ്രഹിച്ചും ത്യാഗിയായി സഞ്ചരിച്ചുകൊണ്ടിരുന്നു. അന്നു് ഒരു യോഗിയുടെ നിലയിൽ സ്വാമിയെ വളരെ ജനങ്ങൾ ഭക്തിപൂർവം അഭിനന്ദിച്ചിരുന്നു. 1063-ൽ സ്വാമി നെയ്യാററിൻകര ടൌണിന്നു വടക്കു് അരുവിപ്പുറം എന്ന സ്ഥലത്തു് വിജനമായ നദീതീരത്തു കുറേനാൾ യോഗാഭ്യാസം ചെയ്തു താമസിക്കുമ്പോഴാണു് അവിടെ ഒരു ശിവപ്രതിഷ്ഠ നടത്തിയതു്. ഇപ്പോൾ വലിയ കെട്ടിടങ്ങളും ക്ഷേത്രവും മററുമുള്ള ആ സ്ഥലം അന്നു് വെറും കാടായിരുന്നു. മതസംബന്ധമായ അറിവും

അദ്ധ്യാത്മാനുഭവങ്ങളും വൎദ്ധിച്ചുവന്നതോടുകൂടി ചില ക്ഷേത്രങ്ങളിലെ ജന്തുഹിംസ, ജാതിഭേദവിചാരം മുതലായവയിൽ സ്വാമികൾ തീരെ വെറുപ്പുതോന്നി. സാധിക്കുന്ന ദിക്കിലൊക്കെ പ്രാണിഹിംസ നിറുത്തൽ ചെയ്യുന്നതിനും പുതിയ ദേവാലയങ്ങൾ സ്ഥാപിച്ചു ഭക്തിയും ശുചിത്വവും സദാചാരനിഷ്ഠയുമുള്ള ആരേയും പൂജകന്മാരാക്കുന്നതിനും ശ്രമിക്കയും ചെയ്തുവന്നു. സമുദായപരിഷ്കരണതല്പരരായ ചില യോഗ്യന്മാരുടെ സഹകരണത്തോടുകൂടി 1078-ൽ സ്വാമി അരുവിപ്പുറം ക്ഷേത്രത്തെ തലസ്ഥാനമാക്കി "ശ്രീനാരായണധൎമ്മപരിപാലനയോഗം" സ്ഥാപിച്ചു. 1079 മുതൽ ഈഴവരുടെയിടയിൽ താലികെട്ടുകല്യാണം നിറുത്തൽ ചെയ്വാൻ ശ്രമിച്ചുതുടങ്ങി. പരിഷ്കൃതവിവാഹരീതി ഏൎപ്പെടുത്തി, ഈഴവരുടെ പൌരോഹിത്യം പ്രത്യേകം അഭ്യസിച്ചിട്ടുള്ള സ്വജാതിക്കാരെക്കൊണ്ടുതന്നെ ചെയ്യിപ്പാൻ ഏൎപ്പാടുചെയ്തു. പല സ്ഥലത്തും സ്വജാതിക്കാൎക്കു പ്രത്യേകക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചുകൊടുക്കുകയും, ചില ക്ഷേത്രങ്ങൾ സ്വന്തമായി സ്ഥാപിക്കയും ചെയ്തു. 1080-ൽ അവിടെ ശാരദാപ്രതിഷ്ഠ നടത്തി. അതിനുശേഷമാണു് സ്വാമി ആലുവാ അദ്വൈതാശ്രമം സ്ഥാപിച്ചതു്. ഇപ്പോൾ തിരുവിതാംകൂറിന്റെ തെക്കേ അററംമുതൽ മംഗലാപുരംവരെയുള്ള പശ്ചിമതീരം മുഴുവൻ അദ്ദേഹം പ്രതിഷ്ഠിച്ചിട്ടുള്ളതായി ചെറുതും വലുതുമായ ഒട്ടുവളരെ ദേവാലയങ്ങൾ ഉണ്ടു്. സ്വാമിയുടെ നാമധേയത്തിൽ ഒരു ചെറിയ ഭജനമഠമെങ്കിലും സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലം ഇപ്പോൾ കേരളത്തിൽ ചുരുക്കമാണു്. കേരളത്തിനു വെളിയിലും ഇപ്രകാരമുള്ള പല സ്ഥാപനങ്ങളും നടത്തിവരുന്നുണ്ടു്.

ശിവഗിരിമഠം ആരംഭിച്ച കാലംമുതൽ അവിടെ നല്ലരീതിയിൽ ഒരു സംസ്കൃതപാഠശാല നടത്തിവരുന്നുണ്ടെന്നുള്ള വിവരം പ്രസിദ്ധമാണല്ലോ. ഇതിനുപുറമേ അവിടെ ഒരു ഇംഗ്ലീഷ് സ്കൂളും സ്ഥാപിച്ചു് പ്രശസ്തനിലയിൽ നടത്തിവരുന്നു. സ്വന്തച്ചെലവിനായി ഗൃഹസ്ഥശിഷ്യന്മാരിൽനിന്നും സംഭാവനയായും മററും മാസന്തോറും പതിവായി കിട്ടാറുള്ള ഗണ്യമായ സംഖ്യ മുഴുവൻ സ്വാമി വിദ്യാലയങ്ങൾക്കായും മററും വിനിയോഗിച്ചുവന്നിരുന്നു. ആചാരപരിഷ്കരണസംബന്ധമായ സ്വാമിയുടെ ശ്രമംകൊണ്ടു് അനേക ദുൎവ്യയങ്ങളും കുടുംബച്ഛിദ്രഹേതുക്കളായ നടപടികളും നിന്നുപോകയും സ്ത്രീപുരുഷന്മാൎക്കു സദാചാരനിഷ്ഠ വൎദ്ധിക്കയും ചെയ്തിട്ടുണ്ടു്. ഈ കാരണങ്ങളാലും. അസാധാരണങ്ങളായ മററനേകം ഗുണങ്ങൾകൊണ്ടും ആ പുണ്യശ്ലോകനെ സ്വജാതിക്കാർ മുഴുവൻ സമുദായഗുരുവായി സ്വയം പ്രഖ്യാപനം ചെയ്കയും, കാണപ്പെട്ട ദൈവമായി ആരാധിക്കയും ചെയ്തുപോന്നിരുന്നു. അദ്ദേഹത്തിന്റെ ജന്മനക്ഷത്രം കേരളം മുഴുവൻ തീയർ ഒരു വലിയ സുദിനമായി കൊണ്ടാടിവരുന്നു. 1092 ചിങ്ങം 27-ാംനു ആഘോഷിക്കപ്പെട്ട

അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തിമഹോത്സവംപോലെയുള്ള ഒരു മഹോത്സവം യാതൊരു സമുദായനേതാവിനേയും ഉദ്ദേശിച്ച് ഇതേവരെ നടത്തപ്പെട്ടിട്ടില്ല. കേരളത്തിലും വെളിയിലുമുള്ള അനേകം സ്ഥലങ്ങളിൽ ആ സുദിനം ഏററവും ആഘോഷപൂർവ്വം കൊണ്ടാടുകയും, പല സ്മാരകസ്ഥാപനങ്ങളും ഏർപ്പെടുത്തുകയുമുണ്ടായി. തിരുവനന്തപുരത്തു സ്ഥാപിക്കപ്പെട്ട ഷഷ്ടിപൂർത്തിസ്മാരകവിദ്യാർത്ഥി സദനം ഉൽഘാടനം ചെയ്തതു്, അപ്പോഴത്തെ ദിവാൻജിയായിരുന്ന ദിവാൻ ബഹദൂർ എം. കൃഷ്ണൻനായർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു മഹായോഗത്തിൽവെച്ചായിരുന്നു. ഏതാനും മാസങ്ങൾക്കുമുമ്പ് രോഗബാധിതനായി കിടപ്പിലായതുവരെ സ്വാമികൾ മിക്കവാറും ആലുവാ അദ്വൈതാശ്രമത്തിൽ താമസിച്ചുവരികയായിരുന്നു.

ശ്രീനാരായണ ധർമ്മപരിപാലനയോഗം സ്വാമി അവർകളുടെ പേരിലും ആദ്ധ്യക്ഷ്യതയിലും, ആജ്ഞയിലും സ്ഥാപിച്ചു് കഴിഞ്ഞ 25 കൊല്ലമായി നടത്തിവരുന്ന ഒരു മഹാസംഘമാകുന്നു. ഈഴവരുടെ മതം, വിദ്യാഭ്യാസം, വ്യവസായം, സമുദായനടപടി ഇവയെ പരിഷ്കരിച്ച് അവക്ക് ഐഹികവും പാരത്രികവുമായ ഉൽക്കർഷമുണ്ടാക്കാൻ യത്നിക്കുന്നതിനാണ് ഈ മഹായോഗം സ്ഥാപിച്ചിട്ടുള്ളതു്. ഈ യോഗത്തിനായി സ്വാമികൾ അവിടുത്തെ വകയായ അരുവിപ്പുറം ക്ഷേത്രം മുതലായ മതസംബന്ധമായ സ്ഥാപനങ്ങളും സഭകളും വിട്ടുകൊടുത്തിരുന്നുവെന്നുള്ളതും പ്രസ്താവയോഗ്യമാണ്. കേരളമടക്കമുള്ള ഈഴവസമുദായം പൊതുവിൽ സംബന്ധിക്കുന്ന സംഗതികളിൽ ഒരു നിലയായി നൽപ്പാൻ തുടങ്ങിയതും തങ്ങൾ കേരളത്തിലെ ഹിന്ദുക്കളിൽ 19 ലക്ഷം ജനങ്ങളുള്ള ഏററവും വമ്പിച്ച ഒരു സമുദായമാണെന്ന് അഭിമാനിപ്പാറായതും, എസ്. എൻ. ഡി. പി. യോഗത്തിന്റെ ശക്തിമത്തായ ശ്രമങ്ങൾക്ക് ശേഷമാകുന്നു.

സ്വാമി അവർകളുടെ വിവിധങ്ങളായ ഗുണഗണങ്ങൾ സുപ്രസിദ്ധങ്ങളാണ്. അവിടുത്തെ ആരാധിച്ചുപോന്നിരുന്ന ജനസഞ്ചയത്തിൽ ഈഴവർ മാത്രമല്ല ഉൾപ്പെട്ടിരുന്നതു്. ഇതരസമുദായങ്ങളിലുൾപ്പെട്ടിട്ടുള്ളവരായ പലക്കും അദ്ദേഹത്തിന്റെ ശിഷ്യത്വം സമ്പാദിക്കുന്നതിലേയ്ക്കുള്ള ഭാഗ്യം സിദ്ധിച്ചിരുന്നു. "അന്യാദൃശമായ ഭക്തി, അഗാധമായ അദ്വൈതശാസ്ത്രപാണ്ഡിത്യം, അസാധാരണമായ അദ്ധ്യാത്മാനുഭൂതി, അവ്യാഹതമായ സദാചാരനിഷ്ഠ, അതിതീവ്രമായ വിഷയവൈരാഗ്യം, അപാരമായ ജീവകാരുണ്യം, അകൃത്രിമമായ ലോകാനുഗ്രഹതല്പരത മുതലായ പരിശുദ്ധങ്ങളാ"ണു, സ്വാമി അവർകളെ സാധാരണജനങ്ങളിൽനിന്നു വേർതിരിക്കയും അവിടുത്തേയ്ക്കു ലഭിച്ചിരുന്ന ഈ അതിപൂജ്യസ്ഥാനത്തു് അവിടുത്തെ എത്തിക്കയും ചെയ്തിരുന്നതു്.

(സമദർശി)

## "സമസ്തകേരളസാഹിത്യപരിഷത്തിന്റെ തൃതീയസമ്മേളനം"

### സാഹിത്യകലാപ്രദൎശനം.

1104 ധനു 15-ം, 16-ം തിയ്യതികൾക്ക് 1928 ഡിസമ്പർ 29-ം, 30-ം തിയ്യതികളിൽ (ശനി, ഞായർ) ഇവിടെവെച്ച് കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന പരിഷത്തിനോടു സംബന്ധിച്ച് ഒരു സാഹിത്യകലാപ്രദൎശനംകൂടി നടത്തേണമെന്ന് നിശ്ചയിച്ചിരിക്കുന്നു. ഈ പ്രദൎശനം ധനു 15-ാംനു- രാവിലെ 10 മണിക്കു മഹാമഹിമശ്രീ കൊച്ചി രാമവൎമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ഉൽഘാടനംചെയ്യാമെന്നു സദയം സമ്മതിച്ചിട്ടുണ്ടു. പ്രദൎശനം താഴെപറയുന്ന വിധത്തിൽ ആയിരിക്കുന്നതാണ്.

1. ദൃശ്യങ്ങൾ—

1. കോലടിക്കളി (ഉത്തരകേരളത്തിലെ). 2. കന്നിയാർകളി (പാലക്കാട്ടുതാലൂക്കിൽ പ്രത്യേകമുള്ളത്). 3. ഓട്ടൻതുള്ളൽ. 4. കഥകളി (വടക്കൻ).

2. ശ്രാവ്യങ്ങൾ—

1. വടക്കൻപാട്ട്. 2. മാപ്പിളപ്പാട്ട്. 3. പുള്ളുവർപാട്ട്. 4. അയ്യപ്പൻപാട്ട്.

3. പലവക—

1. നിലവിലുള്ള പത്രങ്ങളും, മാസികകളും. 2. നിന്നുപോയ പത്രങ്ങളും, മാസികകളും. 3 ശിലാലിഖിതപ്പകൎപ്പുകൾ. 4 താമ്രശാസനങ്ങൾ. 5. പഴയ താളിയോലഗ്രന്ഥങ്ങൾ. 6. പട്ടോലക്കരണങ്ങൾ. 7. പഴയ കയ്യെഴുത്തുപുസ്തകങ്ങൾ. 8. പഴയ അച്ചടിപ്പുസ്തകങ്ങൾ (ഇപ്പോൾ കിട്ടാൻ പ്രയാസമുള്ളത്). 9. പുതിയ പ്രസിദ്ധീകരണങ്ങൾ (കഴിഞ്ഞ സാഹിത്യപരിഷത്തിനുശേഷം പ്രസിദ്ധപ്പെടുത്തിയവ). 10. അന്തരിച്ചുപോയവരും ഇപ്പോൾ ജീവിച്ചിരിക്കുന്നവരുമായ സാഹിത്യകാരന്മാരുടെ ഛായാപടങ്ങൾ.

പ്രദൎശനം വിജയകരമാക്കിത്തരുവാനും, പ്രത്യേകിച്ച് മൂന്നാം ഇനത്തിൽ കാണിച്ച സാമഗ്രികൾ ശേഖരിച്ച് വൃശ്ചികം 30-ാംനു-ക്കു മുമ്പായി എത്തിച്ചുതന്ന് ഞങ്ങളെ സഹായിപ്പാനും മഹാജനങ്ങളോടപേക്ഷിക്കുന്നു.

കോട്ടയ്ക്കൽ,
1928 സപ്തമ്പർ 5-ാംനു-

പി. വി. കൃഷ്ണവാരിയർ,
(കാൎയ്യദൎശി)

☞ ഇതിലേതെങ്കിലും കൂട്ടുവാനൊ കുറയ്ക്കുവാനൊ ഉണ്ടെന്നു സാഹിത്യപ്രണയികൾക്കഭിപ്രായമുള്ളപക്ഷം വിവരം അറിയിച്ചാൽ സൌകൎയ്യംപോലെ ചെയ്യാവുന്നതാണ്.

## മൂന്നു പരീക്ഷകൾ.

1104 ധനു 15-ം, 16-ം തിയ്യതികളിൽ ഇവിടെവെച്ചു നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള സാഹിത്യപരിഷത്തുവകയായി താഴെപറയുന്ന മൂന്നുതരം പരീക്ഷകൾകൂടി വേണ്ടതാണെന്നു് സ്വാഗതസംഘം തീൎച്ചപ്പെടുത്തിയിരിക്കുന്നു:—

### 1. പാണ്ഡിത്യപരീക്ഷ.

ഇതിനു് സംസ്കൃതത്തിലും മലയാളത്തിലും ഓരോ ശ്ലോകം അപ്പോൾ പറഞ്ഞുകൊടുക്കുന്നതും, പരീക്ഷയ്ക്കു ചേരുന്നവർ അവയുടെ ശബ്ദാപാകരസാദികളും വാച്യവ്യംഗ്യാൎത്ഥങ്ങളും മററും വിവരിച്ചുകൊണ്ടു് ഒരു വിമൎശനം എഴുതേണ്ടതുമാണു്.

### 2. കവിതാപരീക്ഷ.

ഇതിൽ ചേരുവാൻ വിചാരിക്കുന്ന കവികളെല്ലാവരും, "ഭൎത്തൃപരിത്യക്തയായ ശകുന്തള" എന്ന വിഷയത്തെപ്പററി പാദത്തിനു 14-ൽ അധികം അക്ഷരമില്ലാത്ത ഏതെങ്കിലും സംസ്കൃതവൃത്തത്തിൽ 100 ശ്ലോകങ്ങളിൽ കുറയാതെ ഒരു ഖണ്ഡകൃതി ഉണ്ടാക്കി ഈ വരുന്ന വൃശ്ചികമാസം 15-ാംനു-ക്കുള്ളിൽ കാൎയ്യദൎശിയുടെ മേൽവിലാസത്തിൽ അയക്കേണ്ടതാണു്. (ശാകുന്തളനാടകം അഞ്ചാമങ്കത്തിൽ കാണുന്നതിൻവണ്ണം ഭൎത്തൃപരിത്യക്തയായ ശകുന്തള, തദനന്തരം ഭൎത്തൃപുനസ്സമാഗമംവരെ ഏതുവിധത്തിലാണു് ദിവസംകഴിച്ചുപോന്നതു് എന്നാകണം എഴുതുന്നതു്).

### 3. ഉപന്യാസപരീക്ഷ.

ഈ പരീക്ഷക്കു ചേരുന്നവർ 'സ്ത്രീവിദ്യാഭ്യാസത്തിന്റെ മാതൃക' എന്ന വിഷയത്തെപ്പററി ഫുൾസ്കേപ്പു് 30 ഭാഗത്തിൽ കവിയാത്ത ഒരുപന്യാസം വൃശ്ചികം 15-ാംനു-ക്കുള്ളിൽതന്നെ കാൎയ്യദൎശിയുടെ മേൽവിലാസത്തിൽ അയക്കണം. ഉപന്യാസത്തിൽ ഇപ്പോൾ നടപ്പുള്ള സ്ത്രീവിദ്യാഭ്യാസത്തിന്റെ രീതിയിലുള്ള ഗുണദോഷങ്ങൾ വിമൎശിച്ചു് ശരിയായ ഒരു മാതൃക നിൎദ്ദേശിക്കേണ്ടതാണു്.

മേല്പറഞ്ഞ മൂന്നു പരീക്ഷകൾക്കും യോഗ്യതതികഞ്ഞ അഞ്ചിൽകുറയാത്ത അംഗങ്ങളടങ്ങിയ ഓരോ പരിശോധകസംഘം ഉണ്ടായിരിക്കുന്നതാണു്. കവിതയും ഉപന്യാസവും എഴുതി അയക്കുന്നവർ അവയിൽ സ്വന്തംപേർ എഴുതരുതാത്തതും, എന്നാൽ പേരും മേൽവിലാസവും സ്വകാൎയ്യമായി കാൎയ്യദൎശിയെ അറിയിക്കേണ്ടതുമാകുന്നു.

എന്നു്

കോട്ടയ്ക്കൽ,
1104 കന്നി 10-ാംനു-

പി. വി. കൃഷ്ണവാരിയർ,
കാൎയ്യദൎശി.

## ചരിത്രസംക്ഷേപം.

ഭാഷാസാഹിത്യത്തിൻെറ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി സ്ഥിരപരിശ്രമം ചെയ്യുന്നതിനു കൊച്ചി—തിരുവിതാംകൂർ—ബ്രിട്ടീഷ് മലബാർ ഉൾപ്പടെയുള്ള കേരളത്തിലെ സുപ്രസിദ്ധസാഹിത്യകാരന്മാർ ചേർന്നു രണ്ടു കൊല്ലത്തിന്നുമുമ്പ് ഏർപ്പെടുത്തിയ ഒരു മഹാസഭയാണ് ഈ സമസ്തകേരളസാഹിത്യപരിഷത്ത്. ഇതിൻെറ ഒന്നാമത്തെ സമ്മേളനം ബ്രഹ്മശ്രീ ഇടപ്പള്ളി കൃഷ്ണരാജാവവർകളുടെ നേതൃത്വത്തിലും സഹായത്താലും തിരുവിതാംകൂറിലുൾപ്പെട്ട ഇടപ്പള്ളിയിൽവെച്ചു നടന്നു. ആ സമ്മേളനം ആകെ അഞ്ചു യോഗങ്ങളായി നടത്തിയതിൽ ഓരോ യോഗത്തിലും, 1. പി. കെ. നാരാണപിള്ള ബി. ഏ., ബി, എൽ. 2. ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. ഏ., ബി. എൽ. 3. മഹാമഹിമശ്രീ കൊച്ചി രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു 4. വള്ളത്തോൾ. 5. ശ്രീമാൻ രാമവർമ്മ തമ്പാൻ എന്നീ സുപ്രസിദ്ധസാഹിത്യകാരന്മാർ അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കുകയും, ഭാഷയുടെ ഉൽക്കർഷത്തിന്നുപകരിക്കുന്ന ചില തീർപ്പുകൾ ചെയ്കയുമുണ്ടായി. രണ്ടാമത്തെ മഹാസഭ അപ്പൻതമ്പുരാൻ തിരുമനസ്സിലെ ശ്രമത്താലും സഹായത്താലും കൊച്ചിസ്സീമയിൽ തൃശ്ശിവപേരൂർവെച്ചാണ് കൂടിയതു്. അതു ആകെ 4 യോഗങ്ങളായി നടത്തിയതിൽ 1. മൂർക്കോത്തു കുമാരനവർകൾ; 2. വിദ്യാവിനോദിനി പത്രാധിപരായിരുന്ന സി. അച്ച്യുതമേനോനവർകൾ ബി. ഏ; 3. തരവത്ത് അമ്മാളു അമ്മ അവർകൾ; 4. രാജരാജവർമ്മ തമ്പുരാനവർകൾ എം. ഏ., ബി. എൽ. എന്നിങ്ങിനെ സാഹിത്യലോകത്തിൽ പ്രസിദ്ധപ്പെട്ട നാലാളാണ് അദ്ധ്യക്ഷസ്ഥാനം വഹിച്ചിരുന്നതു്. ഭാഷാഭിവൃദ്ധിക്കത്യാവശ്യമായ പല തീർപ്പുകളും അന്നു ചെയ്തിട്ടുള്ളതുകൂടാതെ, പരിഷത്തിൻെറ കാര്യങ്ങൾ സ്ഥിരമായി നടത്തുന്നതിന്നുവേണ്ട നിയമങ്ങളുണ്ടാക്കുവാനും മററുംകൂടി ഒരു കാര്യനിർവ്വഹണസംഘത്തേയും ഏർപ്പെടുത്തി പ്രവൃത്തി നടത്തിവരുന്നുണ്ടു്. തൃശ്ശിവപേരൂർവെച്ചുണ്ടായ ആ സമ്മേളനത്തിൽ ഒരു സാഹിത്യകലാപ്രദർശനംകൂടി വിശേഷാൽ നടത്തുകയുമുണ്ടായിട്ടുണ്ടു്.

പരിഷത്തിൻെറ അടുത്തസമ്മേളനം ബ്രിട്ടീഷ്മലബാറിൽ കോട്ടയ്ക്കൽ വെച്ചു നടത്തുവാനായി ക്ഷണിക്കുകയും, അതു കഴിയുന്നത്ര ഭംഗിയായും, വിജയമായും നിർവ്വഹിക്കുന്നതിന്നു താഴെ പേരെഴുതിയ മാന്യന്മാരടങ്ങിയ ഒരു സ്വാഗതസംഘം ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

### അദ്ധ്യക്ഷൻ.

1. മ. രാ. രാ. കെ. സി. ശ്രീവീരരായൻ രാജാവെന്ന കോഴിക്കോട്ടു മൂന്നാംരാജാവായ മൂന്നാപ്പാട്ടുതമ്പുരാനവർകൾ.

## ഉപാദ്ധ്യക്ഷന്മാർ.

1\. മ. രാ. രാ. കെ. സി. വീരരായൻരാജാ ബി. ഏ., എൽ. ടി. അവർകൾ
2\. ,, റാവുബഹദൂർ എം. സി കൃഷ്ണവർമ്മരാജാ. ,,
3\. ,, നിലമ്പൂർ മാനവേദനെന്ന വലിയ തിരുമുല്പാട്. ,,
4\. ,, പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ. ,,
5\. ,, പി. എസ്സ്. വാരിയർ. ,,

## മററു സാമാജികന്മാർ,

6\. ,, കെ. സി. മാനവിക്രമൻ രാജാ ഡി. സി. ,,
7\. ,, ഏ. കെ. ശങ്കരവർമ്മരാജാ, കടത്തനാട്. ,,
8\. ,, പൂമുള്ളിമനയ്ക്കൽ ചെറിയവാസുദേവൻനമ്പൂതിരിപ്പാട് ,,
9\. ,, കെ. മാധവൻനായർ ബി. ഏ, ബി. എൽ. (എം. എൽ. സി.) ,,
10\. ,, വള്ളത്തോൾ നാരായണമേനോൻ. ,,
11\. ,, മൂക്കോത്തു കമാരൻ. ,,
12\. ,, വി. ഉണ്ണികൃഷ്ണൻ നായർ ബി. ഏ. ,,
13\. ,, ഒ. എം. സി. നാരായണൻ നമ്പൂതിരിപ്പാട്. ,,
14\. ,, കടത്തനാട്ട് കെ. കൃഷ്ണവാരിയർ. ,,
15\. ,, നെടിയംവീട്ടിൽ ബാലകൃഷ്ണമേനോൻ ബി. ഏ. ,,
16\. ,, അരിയപ്രത്തുമനക്കൽ ദാമോദരൻനമ്പൂതിരിപ്പാട് ,,
17\. ,, എം. കെ. ഗോപാലമേനോൻ ബി. ഏ., എൽ. ടി. ,,
18\. ,, ചേലനാട്ട് അച്ച്യുതമേനോൻ ബി. ഏ. ,,
19\. ,, വിദ്വാൻ സി. എസ്സ് നായർ. ,,
20\. ,, ചെങ്കളത്ത് ചെറിയ അപ്പുണ്ണി എന്ന കൃഷ്ണമേനോൻ, ,,
21\. ,, സി. കൃഷ്ണൻ ബി. ഏ. ബി. എൽ.
22\. ,, വെള്ളയ്ക്കാട്ട് ദാമോദരൻ ഭട്ടതിരിപ്പാട്. ,,
23\. ,, കെ. വാസുദേവൻ മൂസ്സത് (വസുമതി പത്രാധിപർ) ,,
24\. ,, കെ. രയിരുനായർ ബി. ഏ., എൽ. ടി. ,,
25\. ,, മുൻഷി പി. രയിരുനായർ (സാഹിത്യചന്ദ്രികാപത്രാധിപർ)
26\. ,, കെ. സി. എൻ. വാഴുന്നവർ. ,,
27\. ,, ഒ. എം. പരമേശ്വരൻ നമ്പൂതിരിപ്പാട്. ,,
28\. ,, കെ. എം. കെ. എൽ. കെട്ടിലമ്മ. ,,
29\. ,, കെ. എം. കെ. നായർ ബി. ഏ., ബി. എൽ. ,,

30. മ. രാ. രാ. മൂത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാട് അവർകം.
31. „ വൈദ്യൻ വടക്കേപ്പാട്ട് നാരായണൻ നായർ. „
32. „ പുല്ലൂര് വാസുദേവൻ നമ്പൂതിരി. „
33. „ മധുരവനം സി. കൃഷ്ണക്കുറുപ്പ് ബി. ഏ. „
34. „ ഖാൻസാഹിബ്ബ് ടി. എം. മൊയ്തു സാഹെബ് ബഹദൂർ (ഡിസ്ത്രിക്ട്ബോർഡ് പ്രസിഡൻറ്) „
35. „ ഒ. ഏ. വല്ലഭരാമരാജാ (മണ്ണാർമല തമ്പുരാൻ) „
36. „ അൽ അമീൻ പത്രാധിപർ. „
37. „ നെല്ലിക്കലെടം കോമ്പി അച്ചൻ. „
38. „ വി. കുഞ്ഞിമോയിഹാജി സാഹേബ് ബഹദൂർ (ഏറനാട്ട്താലൂക്കുബോർഡ് പ്രസിഡൻറ്) „
39. „ കാരംവള്ളി രാവുണ്ണികുറുപ്പ് എന്ന വലിയ കുറുപ്പ്. „
40. „ കെ. മുഹമ്മത് എം. ഏ.
41. „ വൈദ്യവിചക്ഷണൻ എം. കുഞ്ഞൻ വാരിയർ. „
42. „ പഴയന്നൂർ രാമപിഷാരോടി ഡി. സി. „
43. „ മഞ്ചേരി രാമയ്യർ ബി ഏ., ബി. എൽ. „
44. „ കെ. ടി. ചന്തുനമ്പ്യാർ ബി. ഏ., ബി. എൽ. „
45. „ കട്ടമത്തു കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പ്. „
46. „ ജി. എസ്സ്. ശ്രീനിവാസയ്യർ ബി. ഏ., എൽ. ടി. „
47. „ കാലടി ഇല്ലത്ത് പരമേശ്വരൻ നമ്പൂതിരി. „
48. „ കെ. നാരായണൻ ഭട്ടതിരിപ്പാട്. „
49. „ പി. വി. കൃഷ്ണവാരിയർ. „

സഹായകാര്യദശിമാർ.

50. „ വിദ്വാൻ ടി. സി. ഭാസ്കരൻ മൂസ്സത്. „
51. „ എം ശ്രീധരമേനോൻ. „

ഉദ്ദേശങ്ങൾ.

ഈ പരിഷത്തിൻെറ ഉദ്ദേശം, 'ഭാഷയ്ക്കു സർവതോമുഖമായ അഭിവൃദ്ധി സമ്പാദിക്കുക'യാകുന്നു. അതിന്നുവേണ്ടി (1) കേവലഭാഷാചരിത്രം, ഭാഷാസാഹിത്യചരിത്രം, നിഘണ്ടു, വ്യാകരണം, ദേശചരിത്രം, കലാചരിത്രം മുതലായ വിഷയങ്ങളിൽ ഗവേഷണം നടത്തുക. (2) പഴയഗ്രന്ഥങ്ങൾ, രേഖകൾ, പ്രസിദ്ധംചെയ്ത പുസ്തകങ്ങൾ മുതലായവ അടങ്ങിയ ഒരു ഗ്രന്ഥശാല ഏൎപ്പെടുത്തുക. (3) ഭാഷാചരിത്രം

മുതലായ ചരിത്രങ്ങളുണ്ടാകുവാൻ സഹായിക്കുന്ന വസ്തുക്കളുടങ്ങിയ ഒരു പ്രദൎശനശാല സ്ഥാപിക്കുക. (4) കല്പിതങ്ങളും അനൂദിതങ്ങളുമായ ഗ്രന്ഥങ്ങളുടെ നിൎമ്മാണം. (5) പുസ്തകങ്ങളുടേയും മററും പ്രസാധനം, മുദ്രണം, വിമൎശനം എന്നിങ്ങിനെ പല മാൎഗ്ഗങ്ങളും സ്വീകരിക്കുവാനായി നിയമാവലികൊണ്ടു നിശ്ചയിച്ചിട്ടുണ്ട്.

ഇതിന്നുവേണ്ടിയാണ് മുൻപറഞ്ഞപ്രകാരം തൃശ്ശിവപേരൂർ തലസ്ഥാനമായി മഹാമഹിമശ്രീ രാമവൎമ്മ അപ്പൻതമ്പുരാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഒരു നിൎവ്വാഹകസംഘം ഏൎപ്പെടുത്തി പ്രവൃത്തികൾ നടത്തിവരുന്നത്.

അപേക്ഷ.

മലയാളഭാഷയുടെ അഭിവൃദ്ധിയിൽ ആഗ്രഹവും അഭിമാനവുമുള്ള എല്ലാ കേരളീയരും ഈ പരിഷത്തിന്റെ നടത്തിപ്പിൽ സഹകരിക്കുവാനും, കഴിയുന്ന സംഖ്യ സംഭാവനയായി തന്നു സഹായിക്കുവാനും പ്രത്യേകം അപേക്ഷിക്കുന്നു.

കോട്ടക്കൽ,
1928 സപ്തെമ്പർ 1൯-ാംനു.

സ്വാഗതസംഘാജ്ഞയ്ക്കനുസരിച്ച്
പി. വി. കൃഷ്ണവാരിയർ,
കാൎയ്യദൎശി.

☞ പരിഷത്തിന്റെ അടുത്ത സമ്മേളനത്തിന്നുള്ള കാൎയ്യപരിപാടി വഴിയെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

കാൎയ്യദൎശി.

——:o:——

# വിമൎശവീഥി.

## ഗ്രന്ഥവിഹാരം.

ഗ്രന്ഥകൎത്താവ്—വള്ളത്തോൾ.

പ്രസാധകൻ—കുട്ടികൃഷ്ണമാരാർ. വില ൧ക. ൪ണ.

പത്രാധിപരുടെനിലയിൽ മഹാകവി വള്ളത്തോൾ "ആത്മപോഷിണിയിലും" "കേരളോദയത്തിലും" എഴുതിയ നിരൂപണങ്ങളുടെ സങ്കലനമാണ് "ഗ്രന്ഥവിഹാര"മെന്ന പ്രകൃതഗ്രന്ഥം—വള്ളത്തോളിന്റെ തൂലികയിൽനിന്ന് പുറപ്പെടുന്നതെല്ലാം സാദരം സ്വീകരിക്കുവാൻ സന്നദ്ധരായവരിൽ ഒരു സ്ഥാനം ഞങ്ങൾക്കും ഉണ്ടെന്നാണ് ഞങ്ങളുടെ അഭിമാനം—പ്രസ്തുത ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയ നിരൂപണങ്ങളിൽ ഒട്ടുമുക്കാലും ഞങ്ങൾ മുമ്പുതന്നെ വായിച്ചിട്ടുള്ളവയാണെങ്കിലും അവയുടെ ഈ പുനൎജ്ജന്മത്തിൽ എന്തെങ്കിലും പുതുമയുണ്ടാവു

മെന്നുള്ള ഉൽക്കണ്ഠയോടുകൂടിയാണ് ഞങ്ങൾ "ഗ്രന്ഥവിഹാരം" കി
ട്ടിയ ഉടനെ തുറന്നുനോക്കിയത്—ഈ വിഷയത്തിൽ ഞങ്ങൾക്ക് ഇ
ച്ഛാഭംഗമാണ് ഉണ്ടായതെന്ന് പറയാതെ നിവൃത്തിയില്ല—ഒരു പുതുമ
ഇതിനുണ്ട്. അത് നിരൂപണങ്ങളിലല്ല, അവതാരികയിലാണ്—
പത്രാധിപരുടെ കണ്ണും കരളും പലതിലും ചെല്ലേണ്ടതായിട്ടുള്ളതുകൊ
ണ്ട് അവരുടെ നിരൂപണങ്ങൾ പലപ്പോഴും "ഒരു മാതിരി"യായി ക
ലാശിക്കയാണ് പതിവ്—അവരിൽനിന്ന് അതിലധികം ആശിക്കാ
നും തരമില്ല—പക്ഷെ പത്രങ്ങളിൽ എഴുതിത്തള്ളിയ നിരൂപണങ്ങൾ
തന്നെ പുസ്തകമാക്കിത്തീക്കുമ്പോൾ കുറച്ചുകൂടി മനസ്സിരുത്തി കുറേക്കൂടി
വിസ്തരിക്കേണ്ടതാണ്.—പത്രാധിപരുടെ കൃത്യാന്തരബാഹുല്യം എന്ന
ഒഴികഴിവ് ഗ്രന്ഥകൎത്താവിന്നു ശരണംപ്രാപിക്കാൻ തരമില്ലല്ലൊ—
അതുകൊണ്ട് പുസ്തകമായി പുറപ്പെട്ട ഗ്രന്ഥവിഹാരത്തിന് യാതൊരു
വേഷപ്പകച്ചയും കാണാത്തപ്പോൾ ഞങ്ങൾക്ക് കണ്ഠിതമാണുണ്ടായത്.
"കുലങ്കഷമായ നിരൂപണങ്ങൾ" എന്ന പേരിന്നു അൎഹിക്കത്തക്കതാ
യവ ഇതിൽ ആറൊ ഏഴൊ മാത്രമെ ഉണ്ടാകയുള്ളു. മററുള്ളവ മി
ക്കതും പത്രാധിപർ "പറഞ്ഞൊഴിഞ്ഞ" കൂട്ടത്തിലുള്ളവയാണ്—ഇ
ങ്ങിനെയുള്ള ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുമ്പോൾ നിരൂപണസാഹി
ത്യത്തിന്റെ നാളതുവരെയുള്ള ഒരു ചരിത്രവുംകൂടി എഴുതി ആമുഖമാ
യി ചേക്കുന്ന പതിവ് മററുള്ള ഭാഷകളിലുണ്ട്—അത് ഇതിൽ കാ
ണാത്തതിന്ന് കാരണം നമ്മുടെ "കൊച്ചുസാഹിത്യ"ത്തിൽ നിരൂപ
ണം ഒരു നൂതനസൃഷ്ടിയാണെന്ന വിചാരമായിരിക്കുമോ ആവോ—അ
വതാരികാകാരൻ മററുള്ളവരെ ശകാരിച്ച് "ഉള്ളുകള്ളി" പുറത്താക്കു
വാൻ മുടക്കിയ സ്ഥലം മേല്പറഞ്ഞ കൃത്യം നിൎവ്വഹിക്കാൻ ഉപയോഗി
ച്ചിരുന്നുവെങ്കിലും ഒരുവിധം സമാധാനിക്കാമായിരുന്നു. പക്ഷെ അ
ദ്ദേഹം നിന്നേടത്തുനിന്ന് ഒന്ന് നാലുപുറം നോക്കുന്നതേയുള്ളു.—"ഈ
കൊച്ചുസാഹിത്യ"ത്തെ വിപുലമാക്കാൻ ശ്രമിക്കുന്ന ആ നിരൂപകശി
രോമണി അതിലധികം ചെയ്യുന്നത് അഭിമാനക്ഷയമാണെന്നും കരുതി
യിരിക്കാം—ഭാഷയിൽ നിരൂപണം ഇന്നും ഇന്നലെയും തുടങ്ങിയത
ല്ലെന്നാണ് ഞങ്ങളുടെ അല്പജ്ഞതകൊണ്ട് ഞങ്ങൾക്ക് അറിവാൻ
സാധിച്ചിട്ടുള്ളത്. "ലീലാതിലക"ത്തിന്റെ കാലംമുതല്ക്കുതന്നെ നി
രൂപണത്തിന്ന് ഭാഷാസാഹിത്യത്തിൽ ഒരു നില കിട്ടിയതായി കരുതാ
വുന്നതാണ്. ഭാഷക്ക് അക്കാലത്തുതന്നെ ഒരു സ്ഥിതിയും, മണിപ്ര
വാളത്തിന്ന് പ്രചുരപ്രചാരവും സിദ്ധിച്ചിട്ടില്ലെങ്കിൽ അങ്ങിനെയൊരു
ഗ്രന്ഥമുണ്ടാവുന്നതല്ലല്ലൊ—അതിന്നുശേഷം ഏതൽകാലപൎയ്യന്തം ഏ
തെങ്കിലും ഒരുതരത്തിലുള്ള നിരൂപണപദ്ധതി തെളിഞ്ഞുവന്നിട്ടുണ്ടെ
ന്നുള്ളത് ഭാഷാഭിജ്ഞന്മാരോട് പറയേണ്ടതായിട്ടില്ല—(സംസ്കൃതാഭി
ജ്ഞന്മാരോട് ഒരുസമയം പറയേണ്ടതായിരിക്കാം). "ചെറുശ്ശേരിയുടെ

ഏരിസ്റ്റോട്ടിലിൽ കഷ്ടണമില്ല. ഇളക്കിനോക്കിയാൽ കാണാം"—തുഞ്ച ന്റെ ചക്കിൽ എത്ര ആട്ടും—നാലും ആറും ആട്ടും എന്നുള്ള ചൊല്ലു കളും, തോലകവിയുടെ ശാകുന്തളപ്രേതബാധയും, ആ പരമരസിക ന്റെ "പല്ലിത്തോലാ"ദിയായ ശ്ലോകങ്ങളും, ചാക്യാന്മാരെപ്പററിയുള്ള ഐതിഹ്യങ്ങളും, നമ്മുടെ പഴയ നിരൂപണരീതിക്ക് അതാത് കാല ത്തുണ്ടായ സ്മരണങ്ങളല്ലെ?—ഇവയെല്ലാം ആലോചിച്ച് തല പുണ്ണാ ക്കാതെതന്നെ ഗ്രന്ഥവിഹാരം വലുതാക്കാൻ വഴിയുണ്ടാകുമ്പോൾ എ ന്തിനാണ് ക്ലേശിക്കുന്നത്?—ഇതൊക്കെ പഴംകഥകളാണെന്ന് പറ ഞ്ഞു് പരിഹസിക്കുന്നവരാണ് ഇപ്പോൾ നമ്മുടെ ഗുണകാംക്ഷികളെന്നു നടിക്കുന്നവരിൽ അധികംപേരും. സ്വാത്മശക്തിയിൽ അത്ര വിശ്വാസ മുള്ള നമുക്ക് പണ്ടുള്ളവരുടെ സ്മരിക്കുന്നതുതന്നെ കുറവാണ്. പിന്നെ ശൂന്യമായ ഭാഷാഭണ്ഡാഗാരം വല്ലവിധത്തിലും നിറക്കേണ്ട തിരക്കല്ലെ എല്ലാവർക്കും—

മഹാകവി വള്ളത്തോളിന്റെ അഭിപ്രായങ്ങളെപ്പററി ഒരഭി പ്രായം പറയേണമെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. ആ മഹാന്റെ കവിതപോലെതന്നെ നിരൂപണങ്ങളും "അദരണീയമശേഷ"മെന്നേ ഞങ്ങൾക്കും പറയേണ്ടതായിട്ടുള്ളൂ—പക്ഷെ ഗ്രന്ഥവിഹാരത്തിലും, അവതാരികയിലും വീണ്ടും വീണ്ടും ആവത്തിച്ചതും സാഹിത്യലോക ത്തിൽ ഒരു വമ്പിച്ച ക്ഷോഭമുണ്ടാക്കിത്തീത്തതുമായ "തർജ്ജമക്കുഴപ്പ" ത്തെപ്പററി രണ്ടു വാക്ക് പറയുന്നത് അപ്രകൃതമാവാനിടയില്ല—ഏ കദേശതർജ്ജമയെന്നും സ്വതന്ത്രതർജ്ജമയെന്നും അനുഗതതർജ്ജമയെന്നു മുള്ള മുദ്രാവാക്യങ്ങളെ അവലംബിച്ചുകൊണ്ടാണ് പലരും ഇപ്പോൾ മല്ലടിക്കുന്നത്—തർജ്ജമയുടെ ഉദ്ദേശം മൂലഗ്രന്ഥകാരന്റെ ആശയം ഭാഷയിലേക്കു പകത്തുകയെന്നാണ് ഞങ്ങൾ മനസ്സിലാക്കീട്ടുള്ളത്— അതല്ലാതെ പദത്തിനുപദംചേത്ത് മറു ഭാഷകളിലെ പ്രയോഗവൈ ചിത്ര്യങ്ങളെ ഇറക്കുമതി ചെയ്യുകയാണെന്ന് തോന്നുന്നില്ല—"മൂലത്തി ലെ അത്ഥം മുഴുവൻ പകന്നാൽതന്നെയും, സ്തോഭം തീരെ പുറപ്പെട്ടി ട്ടില്ലെങ്കിൽ ആ തർജ്ജമ ഒരു തർജ്ജമയാണെന്നു പറഞ്ഞുകൂടാ" എന്ന് മഹാകവിയുടെ അഭിപ്രായത്തിൽനിന്ന് സ്തോഭത്തിന്ന് കാരണഭൂതമായ ആശയപ്രകാശനത്തിന്നാണ് പ്രാധാന്യമെന്ന് സിദ്ധിക്കുന്നുണ്ട്. അ നുഗതതർജ്ജമക്കാരാകട്ടെ അത്ഥം എങ്ങിനെയായാലും ഒരു പദത്തിന് വേറൊരു പദം ഉപയോഗിച്ച് കൃതാത്ഥന്മാരാവുകയാണ്—ഓരോ ഭാ ഷക്കും ചില പ്രത്യേകതകളും പ്രയോഗവിശേഷങ്ങളും ഉണ്ട്. അവ ഒരു ഭാഷ സംസാരിക്കുന്നവരുടെ സ്വഭാവവും സംസ്കാരവും അനുസരി ച്ചുണ്ടാവുന്നവയാണ്. അവ അങ്ങിനെതന്നെ മറെറാരു ഭാഷയിൽ പകത്തിയാൽ അഭംഗിയാവാനെ തരമുള്ളൂ—It was done under the rose എന്നതിന്ന് അത് രഹസ്യമായി ചെയ്തു എന്നാണ് അത്ഥം—

അനുഗതതർജ്ജമയിലുള്ള ഭ്രമംകൊണ്ടും ഭാഷയിൽ പുതിയ ശൈലികൾ ഉണ്ടാക്കാനുള്ള തിടുക്കംകൊണ്ടും അത് പനിനീർപൂവിൻെറ ചോട്ടിൽ വെച്ച് ചെയ്തു എന്നും തർജ്ജമചെയ്താൽ തർജ്ജമക്കാരൻെറ അജ്ഞതയെക്കുറിച്ച് പരിതപിക്കയേ നിവൃത്തിയുള്ളു. അതുപോലെതന്നെ കുളിക്കാതെ ഈറൻചുമക്കുക, ചെണ്ടകൊട്ടിക്കുക മുതലായ മലയാളശൈലികൾ പദത്തിനുപദമായി മററു ഭാഷകളിലേക്കു തർജ്ജമചെയ്താൽ പരിഹാസ്യമായിത്തീരുകയേയുള്ളു—സ്തോഭം പ്രതീതിയെ ആശ്രയിച്ചാണ് നില്ക്കുന്നത്. പ്രതീതിയാകട്ടെ അനുഗുണമായ പദങ്ങളുടെ സംഘടനയേയും അവലംബിച്ചിരിക്കുന്നു—ഇങ്ങിനെ പദങ്ങൾ തിരഞ്ഞെടുക്കുന്നത് ദുസ്വാതന്ത്ര്യമാണെങ്കിൽ അത്തരത്തിലുള്ള സ്വാതന്ത്ര്യം തർജ്ജമയിൽ കൂടാതെകഴികയില്ലെന്നു പറയേണ്ടിയിരിക്കുന്നു. മൂലഗ്രന്ഥകാരൻെറ ആശയം മാററാനുള്ള അധികാരം പരിഭാഷകനില്ലെന്നുള്ളതിലേക്ക് ആൎക്കും പക്ഷാന്തരമില്ല. പക്ഷെ ആ ആശയം പരിഭാഷയിൽ വരുത്താൻ സാധിച്ചിട്ടില്ലെങ്കിൽ അങ്ങിനെയുള്ള തർജ്ജമകളും നിഷ്പ്രയോജനങ്ങളാണ്—രണ്ടു ഭാഷയിലും ഒരുപോലെ പാണ്ഡിത്യമില്ലാത്ത ചിലർ ഭാഷാന്തരത്തിനു പുറപ്പെട്ടതുകൊണ്ടുള്ള കുഴപ്പമാണ് നമുക്കു ഇപ്പോൾ നേരിട്ടിട്ടുള്ളത്. A fitfull night wind moaned .....എന്നതിന്ന് അപസ്മാരംപിടിച്ച ഒരു നിശാമാരുതൻ .... ഞെരങ്ങി എന്നും Shudder എന്നതിനു് പരിഭ്രമിച്ചു എന്നും നാലപ്പാട്ട് നാരായണമേനോനുംകൂടി തർജ്ജമചെയ്തു സ്ഥിതിക്ക് മററുള്ളവരുടെ കഥ പറയേണമോ? സ്ഥലദൌൎല്ലഭ്യത്താൽ ഇപ്രകൃതം തല്ക്കാലം ഇവിടെ നിൎത്തിക്കൊള്ളുന്നു—ചുരുക്കത്തിൽ അനുഗതതർജ്ജമക്കാരും സ്വതന്ത്രതർജ്ജമക്കാരും വാദപ്രതിവാദംചെയ്യുന്നതു കേൾക്കുമ്പോൾ പണ്ടൊരു നമ്പൂതിരി "ഇതൊട്ടു രസവുമല്ല, താനൊട്ടു സുന്ദരനുമല്ല"എന്നു പറഞ്ഞതാണ് ഞങ്ങൾക്ക് ഓൎമ്മവരുന്നത്—

ഇനി രണ്ടു വാക്കു പറയാനുള്ളത് അവതാരികയെപ്പററിയാണ്—ഗ്രന്ഥകൎത്താവ് പ്രസിദ്ധനല്ലെങ്കിൽ അദ്ദേഹത്തെ ബഹുജനങ്ങൾക്ക് പരിചയപ്പെടുത്താൻ പേരുകേട്ടവർ അവതാരിക എഴുതാറുണ്ട്—ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം കുറെ ഗഹനമാണെങ്കിൽ അതിൻെറ ഗ്രഹണത്തിന് സഹായമായിത്തീരാനും ചിലപ്പോൾ അവതാരിക ആവശ്യമായിത്തീരാറുണ്ട്—പ്രകൃതഗ്രന്ഥത്തിന്ന് ഈ രണ്ടു വിധത്തിൽ ആലോചിച്ചുനോക്കിയാലും ഒരു അവതാരിക ആവശ്യമില്ല—അനാവശ്യവും അനുചിതവുമായ കാൎയ്യങ്ങൾ ചെയ്യുന്നത് ബുദ്ധിയുടേയും വിവേകത്തിൻേറയും ജ്ഞാനത്തിൻേറയും ലക്ഷണവുമല്ലല്ലോ. ഭാരതകഥാനിരൂപണക്കാരനും, ഭാഷാഭൈമീകൎത്താവിനും, മഹാകവി കൊടുത്ത ഉപദേശം അവതാരികാകാരനും കൊടുക്കേണ്ടതായിരുന്നു എന്നു മാത്രമേ ഇതിൽ ഞങ്ങൾക്കു പറവാനുള്ളു—

നിരൂപണസാഹിത്യത്തിൽ ഗ്രന്ഥവിഹാരത്തിന് ഒരുത്തമസ്ഥാനമുണ്ടെന്നതിലേക്കു യാതൊരു സംശയവുമില്ല. ഭാഷാചരിത്രകാരന് ഇത് അത്യന്തം ഉപദേശപ്രദമായ ഒരു ഗ്രന്ഥവുമാണ് —"ഗ്രന്ഥവിഹാര"പ്രസിദ്ധീകരണത്തിൽ പ്രസാധകൻ കാണിച്ച ഔചിത്യബുദ്ധിയെ ഞങ്ങൾ സർവാത്മനാ അഭിനന്ദിച്ചുകൊള്ളുന്നു—

---

1. കൊച്ചുസീത. 2. സാഹിത്യകൌതുകം 3-ാംഭാഗം.
3. രജനീരംഗം. 4. ചിററൂർ ശ്രീതുഞ്ചത്താചാര്യസ്വാമി ഗുരുമഠംവക 1103ലെ കാര്യഭരണ റിപ്പോർട്ട്.
എന്നീ പുസ്തകങ്ങൾ കൈപ്പററിയിരിക്കുന്നു. അഭിപ്രായം വഴിയെ.

ഞങ്ങളുടെ

## വിശേഷാൽപ്രതിയെപ്പററി

അന്യസഹജീവികൾ എന്തുപറയുന്നു?

---

"ARUNODAYAM" ANNUAL SUPPLEMENT:—

[Printed at the Kamalalayam Printing Works, Ottapalam. Price Re. 1.] Distinguished poets and write of Kerala—Vallathol, Ulloor, Unnikrishnan Nair, K. V. M., Punnasseri Nambi, Krishna Pisharodi, C. A. Menon, C. Kunhirama Menon and others—have contributed to this Annnal Supplement, and the bare mention of tnese names is enough to commend the supplement to the Malayalam reading public. The subjects dealt with cover a very wide range, and we need hardly assure the Malayalees that there are some very excellent lines of both poetry and prose to be found in the Supplement. The large number of portraits and photographs and very greatly to the attractiveness of the Annual., the printing and get-up are up to date. The publishers of "Arunodayam" deserve to be congratulated for this commendable seasonable present which they have offered to the Malayelees. "Justice"

29th October 1928.

---

മലയാളമാസികകളിൽ, പ്രശസ്തമായൊരു സ്ഥാനത്തിനവകാശിയായ "അരുണോദയ"ത്തിന് ഒരു വയസ്സു തികഞ്ഞതുസംബന്ധിച്ച് അതിൻെറ പ്രവർത്തകന്മാർ പ്രസിദ്ധംചെയ്തിട്ടുള്ള വിശേഷാൽപ്രതിയാണ് ഞങ്ങളുടെ മുമ്പിലിരിക്കുന്നത്. പ്രൌഢവിഷയങ്ങളേ സംബന്ധിച്ച് പ്രശസ്തസാഹിത്യകാരന്മാർ എഴുതിയിട്ടുള്ള 10 ഗദ്യലേഖന

ങ്ങളും 6 പദ്യകൃതികളും രണ്ടു കഥയും ഇതിൽ അടങ്ങിയിരിക്കുന്നു. ഉള്ളൂർ, വള്ളത്തോൾ, ആർ. ഈശ്വരപിള്ള, ആററൂർ കൃഷ്ണപ്പിഷാരോടി, ഏ. നാരായണപ്പൊതുവാൾ, കെ. സുകുമാരൻ തുടങ്ങിയ പ്രസിദ്ധ സാഹിത്യകാരന്മാരാണ് ഇതിലെ ലേഖകന്മാർ എന്നു പറഞ്ഞാൽപിന്നെ ലേഖനങ്ങളുടെ വൈശിഷ്ട്യത്തെപ്പററി അധികം പറയേണ്ടതായിട്ടില്ല. പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാവവർകൾ എഴുതിയിട്ടുള്ള 'ആയുർവേദം' എന്ന ലേഖനം വിജ്ഞേയവും പ്രൌഢവുമായിട്ടുണ്ട്. വേദാന്തപരമായ "തത്വമസി" എന്ന രണ്ടാമത്തെ ലേഖനവും ഗഹനമായ ഒന്നാണ്. യുവകവികളുടെ കൂട്ടത്തിൽ മുന്നിട്ടുനില്ക്കുന്ന മെ. വി. ഉണ്ണികൃഷ്ണൻനായർ, സി. അച്യുതമേനോൻ, ജി. ശങ്കരക്കുറുപ്പ് മുതലായവരുടെ കവിതകളും ഹൃദയാകർഷകങ്ങളായിരിക്കുന്നു. ഈ പുസ്തകത്തിനുള്ള മറെറാരുവിശേഷം, ഇതിലെ ചേതോഹരങ്ങളായ ചിത്രങ്ങളാണ്. ഭാരതീയനേതാക്കന്മാരിൽ പലരുടേയും കേരളത്തിലെ മഹാകവികൾ, സാഹിത്യകാരന്മാർ തുടങ്ങിയുള്ളവരുടെയും വിശേഷപ്പെട്ട ഫോട്ടോകൾ ഇതിൽ ചേർത്തിരിക്കുന്നു. ഒന്നാന്തരം മേനിക്കടലാസ്സിൽ ഭംഗിയായി അച്ചടിച്ച് തയാർചെയ്തിട്ടുള്ള ഈ പ്രസിദ്ധീകരണം കൈരളിയ്ക്കു് ഒരമൂല്യസമ്പാദ്യംതന്നെയാണ്. പ്രവർത്തകന്മാരെ ഞങ്ങളഭിനന്ദിയ്ക്കുന്നതോടുകൂടി ഗ്രന്ഥത്തിന് പ്രചാരമുണ്ടായിക്കാണുവാനാഗ്രഹിക്കുകയും ചെയ്യുന്നു.

'സമദശി' കന്നി ൨൧-ാംനു-

---

"അരുണോദയ"ത്തിനു ഒരു വയസ്സുതികഞ്ഞാൽ ഒരു വിശേഷാൽപ്രതി പ്രസിദ്ധപ്പെടുത്തിയാൽകൊള്ളാമെന്നു തൽപ്രവർത്തകന്മാക്കുണ്ടായമോഹത്തിൻെറ ഫലമാണ് ഈ പ്രസിദ്ധീകരണം. സാമഗ്രിക്കുറവുകൊണ്ട് "പൊന്നുവെക്കേണ്ടിടിക്കിൽ പൂവ് വെക്കുവാ"നേ സാധിച്ചിട്ടുള്ളുവെന്നു പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ട്. പൊന്നായാലും പൂവായാലും ഇത് ഒട്ടധികം ആസ്വാദ്യമായിട്ടുണ്ടെന്നതിനു സംശയമില്ല. വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ പരമേശ്വരയ്യർ, ആർ. ഈശ്വരപിള്ള, പുന്നശ്ശേരി നീലകണ്ഠശർമ്മ, വി. ഉണ്ണികൃഷ്ണൻനായർ, കെ. വി. എം, വിദ്വാൻ ജി. ശങ്കരക്കുറുപ്പ്, സി. അച്യുതമേനോൻ എന്നിങ്ങിനെ കേരളത്തിലെ സാഹിത്യകുശലന്മാരായ പലരുടേയും പതിനെട്ട് ഗദ്യപദ്യലേഖനങ്ങൾ ഇതിൽ ഉണ്ട്. ശ്രീരാമകൃഷ്ണപരമഹംസൻ, ശ്രീ ശാരദാദേവി. കൊച്ചിയിലെ സ്ഥാനമൊഴിഞ്ഞ രാജാവു, വിവേകാനന്ദൻ, പ്രൊഫസർ രാജരാജവർമ്മ, വള്ളത്തോൾ, ഉള്ളൂർ, കുമാരനാശാൻ, തിരുവിതാംകൂർ മഹാരാജാവ്, ദിവാൻ ബഹദൂർ കൃഷ്ണൻനായരവർകൾ, ശ്രീമത് അരവിന്ദഗോസ്, മഹാത്മാഗാന്ധി എന്നിങ്ങിനെ പലരുടേയും ചിത്രങ്ങളും ഉണ്ട്. ഇതിൻെറ അച്ചടി വൃത്തിയായിട്ടുണ്ട്.

(തുടരും) 'മാതൃഭൂമി' കന്നി ൨൫-ാംനു-.

---

# இனாம்! இனாம்!!

## நூதனமானது! புதிய கடியாரம்!!

புதிய வருஷக் கொண்டாட்டம். 15 இனாம் சாமான்கள்.

புகழ்ப்பெற்ற தாரா லீவர் 18 காரட் ரோல்ட் கோல்ட் கடியாரம் ஆர்டர் செய்கிறவர்களுக்கு இதில்கண்ட 15 சாமான்கள் இனாமாக கொடுக்கப்படும். முந்துங்கள். இனாம்களுடன்





கடியாரம் விலை ரூ. 4-8-0 இச்சமயம் தவறவேண்டாம்.

விலாசம்:—
இங்க்லீஷ் எம்போரியம்,
தபால் பெட்டி 105,
மதராஸ்.

## பாதி விலை! ஒருமாதம் வரையிலும் பாதி விலை!!

அசல் விலை ரூபாய் 14




பாதி விலை ரூபாய் 7


22 காரட் ரோல்ட் கோல்டு கைகெடியாரம் 10 வருஷம் உத்தரவாதம். பார்க்க அழகான, இக்கடியாரங்களில் எம்மாதிரி ஷேப் ஆனபோதிலும் அனுப்பி வைக்கப்படும். பாதி விலை ரூ. 7. ஒவ்வொரு கெடியாரமும் ஒரு பட்டு பட்டையுடன் அனுப்பப்படும்.

ஸ்வான் ஹவுஸ், தபால் பெட்டி நெ. 508, பி. டி. மதராஸ்.

---

இனாம்! "C" (Regd.) இனாம்!

## ரிஜிஸ்டர் டைம்பீஸ் இனாம்.




உயர்ந்த 18 காரட் ரோல்ட் கோல்ட் டாரா லீவர் பாக்கெட் வாச். ஐந்து வருஷம் உத்திரவாதம். டைலில் அச்சிட்டு ஐந்து ரூபாய் விலையுள்ளதும் பின்புறம் சித்திரவேலை செய்யப்பட்டதுமான ஒரு கடிகாரத்திற்கு ஆர்டர் செய்கிறவர்களுக்கு எங்களின் "C" ரிஜிஸ்டர் செய்த டைம்பீஸ் இனாமாகக் கொடுக்கப்படும். சிலநாளைக்குமாத்திரம் ஒரு ஆர்டர்செய்தால் ஒரு டைம்பீஸ் இனாமாகக் கொடுக்கப்படும். முந்தும் நண்பர்களுக்கு, கடியாரம் விலை ரூ. 5.

காப்டன் வாச் கம்பெனி, தபால் பெட்டி நெ. 265, மதராஸ்.